# Morth Smooni Jacobite Syriac Orthodox Church

## Ghala - Muscat - Sultanate of Oman

# സാഹാർ

*Be a light........ in the world of darkness*

## പെരുന്നാൾ സ്പെഷ്യൽ


Morth Smooni Youth Association, Ghala

**August 2019**

For private circulation only




# പത്രാധിപ സമിതി






JOHN MATHAI



SHAAN GEORGE



SHIJU PAUL



SHIJU CHERIAN



LEJO P JOHN



IBY JACOB



IGNESH LAZER



# *From the Editor's Desk...*

*പ്രിയരെ,*

നിങ്ങളുടെ കൈയ്യിൽ ഇരിക്കുന്നത് **"SAHAAR" ('Be a Light)** എന്ന മാസിക ഗാലാ മർത്തശ്മൂനി യാക്കോബായ സുറിയാനി ഓർത്തഡോക്സ് യൂത്ത് അസ്സോസിയേഷന്റെ പ്രഥമ സംരംഭമാണ്. തികച്ചും യാദൃശ്ചികമായി എന്നിലും എന്റെ സഹപ്രവർത്തകരിലും ഭരമേൽപ്പിക്കപ്പെട്ട ഒരു പുതിയ ദൈത്യം. ആദ്യമൊക്കെ ഈ മാസികയിൽ എന്തൊക്കെയാണ്, എങ്ങനെയാണ് ഉൾപ്പെടുത്തേണ്ടതെന്ന് മനസിലാക്കി എടുക്കാൻ അൽപം ബുദ്ധിമുട്ടിയെങ്കിലും, പിന്നെ അതിനു മർത്തശ്മൂനി അമ്മയുടെ ഇടപെടൽ മൂലം ഫലം ഉണ്ടായി. ഇതിൽ ഏറ്റവും എടുത്തു പറയേണ്ടതു നമ്മുടെ പ്രിയ വികാരി അഭിലാഷ് അച്ചനും യൂത്ത് അസ്സോസിയേഷൻ സെക്രട്ടറി ഐബി ജേക്കബും തന്ന പൂർണ്ണ പിന്തുണയാണ്. അതിനോടൊപ്പം ഒരു പൊൻതൂവലായി കരുതുന്ന ഒരു കാര്യം ഇവിടെ കുറിക്കുന്നു. നമ്മുടെ ഈ മാസികയുടെ എല്ലാ ടൈപ്പിങ്ങും പേജ് സെറ്റിങ്ങ് ജോലികളും ചെയ്തു തന്നത് 40-തു കാരനായ രഞ്ജിത്ത് ആണ്. ഒരു അപകടത്തിലൂടെ വിധി ക്രൂരമായി വേട്ടയാടുകയും തന്റെ ശരീരം പാതി ശോഷിച്ചു പോയപ്പോൾ മനോധൈര്യം ഒട്ടും തന്നെ ചോരാതെ അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ പഠിച്ച രഞ്ജിത്തിന്റെ ജീവിതത്തിൽ, ഒരു ഭാഗം ആകാൻ നമ്മൾക്കും കഴിഞ്ഞതിനാൽ ത്രിയേക ദൈവത്തിനു നന്ദി അർപ്പിക്കുന്നു.

എന്റെ പ്രിയ സഹോദരങ്ങളുടെ കയ്യിൽ നിന്നു ഈ മാസികയിൽ ഉൾപ്പെടുത്താനുള്ള ചിന്തകളും, ലേഖനങ്ങളും, കഥകളും, കലാപരമായ മറ്റു സൃഷ്ടികളും ചോദിച്ചപ്പോൾ എല്ലാവരും തന്റെ സ്കൂൾ-കോളേജ് കാലഘട്ടത്തിലേക്കു പോയി എന്നും, എവിടെയോ ഉറങ്ങി കിടന്നതും പിന്നീട് ഒരിക്കലും തങ്ങളുടെ ജീവിതത്തിൽ മിനുക്കുപണി ചെയ്യുവാനും ഓർക്കാനും കഴിയാതെ കിടന്നതുമായ കഴിവുകളെ ഓർത്തെടുക്കാനും വീണ്ടും ഒരു കടലാസ്സിൽ അതിനെ പുനർജ്ജനിപ്പിക്കാനും കഴിഞ്ഞു എന്നും കേട്ടതിൽ വലിയ സന്തോഷം ഉണ്ട്. അതെ, അതു തന്നെയാണ് നമ്മുടെ ഈ മാസികയുടെ വിജയം. ജീവിത സാഹചര്യങ്ങളാലും ജോലി ഭാരത്താലും കഴിയുന്ന നമ്മുടെ എല്ലാ സഹോദരി സഹോദരന്മാർക്കും തന്നിൽനിന്നും ഒന്നും നഷ്ടമായിട്ടില്ല എന്ന് ഓർമ്മപ്പെടുത്തലായി ഈ **'സാഹാർ'** എന്ന മാസിക നിലകൊള്ളും എന്നു വിശുദ്ധയായ മർത്തശ്മൂനി അമ്മയുടെ നാമത്തിൽ ഞാൻ വിശ്വസിക്കുന്നു. അതോടൊപ്പം തന്നെ നമ്മുടെ കുഞ്ഞുമക്കളിലെ മറഞ്ഞ് കിടന്ന കഴിവുകളെ കണ്ടെടുക്കുവാൻ ഒരു പ്രോത്സാഹനമായി ഈ മാസികയിലെ പേജുകൾ മാറാൻ ഇടവരട്ടെ എന്ന് ആശംസിക്കുന്നു, ഒപ്പം പ്രാർത്ഥിക്കുന്നു. പരിശുദ്ധയായ മർത്തശ്മൂനി അമ്മയുടേയും മക്കളായ ഏഴ് സഹദേന്മാരുടേയും ഗുരുനാഥനായ ഏലിയാസറിന്റേയും ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഈ മാസികയുടെ ആദ്യ ലക്കം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ജോൺ മത്തായി

# Parental Address...



**H. G. Paulose Mor Irenious**
**Metropolitan of Kozhikode Diocese**
**and**
**Patriarchal Vicar of Oman**



ജ്ഞാനം-കർമ്മം-ഭക്തി എന്നീ മൂന്നു വഴികളാണ് മനുഷ്യൻെറ അകക്കണ്ണിനെ പ്രകാശിപ്പിക്കുന്നത് എന്ന ഭാരതീയ പഠിപ്പിക്കൽ എല്ലാ കാലത്തും പ്രസക്തമായ ഒരു കാര്യമാണ്. അതിൽത്തന്നെ ജ്ഞാനവീഥികളിൽ ഒരു മനുഷ്യന്റെ വളർച്ചയ്ക്ക് ഏറ്റവും നല്ല വളമാകുന്നത് അക്ഷരങ്ങളാണ്. 'അക്ഷരം' എന്നാൽ 'ക്ഷരം' ഇല്ലാത്തത് അഥവാ നാശം ഇല്ലാത്തത് എന്നാണ് അർത്ഥം. വാളുകളല്ല നിങ്ങൾ അക്ഷരങ്ങൾ ശേഖരിക്കുവിൻ എന്ന് പ്രസിദ്ധ എഴുത്തുകാരൻ "റൂമി' പറയുന്നത് എഴുത്തുകൾക്ക് അത്ര പ്രാധാന്യം ഉള്ളതുകൊണ്ടാണ്.

ഈ കാലഘട്ടത്തിന്റെ അപചയം എന്നുപറയുന്നത് മനുഷ്യൻ വായനകളിൽ നിന്നും, അക്ഷരങ്ങളിൽ നിന്നും അകന്നു എന്നാണ്. വായനശാലകളും, കഥ പറയുന്ന നാട്ടുവഴികളും എല്ലാം ഇന്നിന്റെ തലമുറയ്ക്ക് അന്യമായിപ്പോയി. അതുകൊണ്ടുതന്നെ പ്രായോഗിക ജീവിതത്തിൽനിന്ന് അകന്ന് സൈബർലോകത്ത് അവർ കുരുങ്ങിക്കിടക്കുന്നു. ഇത്തരം അവസ്ഥകളിലാണ് സഭ സമൂഹത്തിൽ അതിന്റെ കർത്തവ്യം നിർവ്വഹിക്കേണ്ടത്. എല്ലാ സംസ്കൃതികളിലും ജ്ഞാനതൃഷ്ണതയും, മത വിശ്വാസവും വേർതിരിക്കാനാവാത്ത വിധത്തിൽ സങ്കലനം ചെയ്യപ്പെട്ടു കിടക്കുന്നു. ജ്ഞാനവഴികളിലൂടെ അവസാനത്തോളം തീർത്ഥാടനം ചെയ്യുകയാണ് ഏതൊരു മനുഷ്യനും പുലർത്താവുന്ന കുലീന ധർമ്മം. അങ്ങനെ യെങ്കിൽ ഇത്തരം വഴികളിലൂടെ ഒരു മനുഷ്യനെ അല്ലെങ്കിൽ ഒരു സമൂഹത്തെ കൈപിടിച്ച് നടത്തുന്നതിന് വിളിക്കുന്ന പേരാണ് സുവിശേഷവത്ക്കരണം. **'സാഹാർ'** എന്ന മാസിക അഭിനന്ദനം അർഹിക്കുന്നത് ഇവിടെയാണ്. ഒരു ഇടവക മുഴുവൻ അക്ഷരങ്ങളിലേക്ക് ഒരു മടക്കയാത്ര നടത്തുന്നതിന് സാഹാർ ഉപകരിക്കും എന്നത് തർക്കമറ്റ സംഗതിയാണ്. നമ്മുടെ ഗാലാ മർത്തശ്മൂനി ഇടവകയിലെ യൂത്ത് അസോസിയേഷൻ പ്രവർത്തകരെ പ്രത്യേകം അഭിനന്ദിക്കുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളും ഇടവകയ്ക്ക് ഒരു പ്രകാശമായി **(സാഹാർ)** ആയിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

എന്ന് പിതൃവാത്സല്യത്തോടെ

**പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത**



# Vicar's Desk...



## സാഹാർ

'സാഹാർ' ഒരു ഹീബ്രൂ പദമാണ്, പ്രകാശിക്കുക, പ്രകാശമാവുക എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. ഒരുപാട് വെളിപാടിന്റെ ധ്വനികളെ ഉള്ളടക്കം ചെയ്ത ഒരു വാക്കാണ് സാഹാർ. പ്രകാശത്തെക്കുറിച്ച് വർണ്ണിച്ച് പൂർത്തി കരിക്കുക അത്ര നിസ്സാരമായ കാര്യമല്ല. അതുകൊുതന്നെ ഞാനും അതിനു മുതിരുന്നില്ല... എങ്കിലും പ്രകാശമായി മാറാനുള്ള വിളിയെക്കുറിച്ച് ചിലത് ഓർമ്മപ്പെടുത്താതെ തരമില്ല.

'കെയ്റോയ്', സൂഫിസത്തിന്റെ തലസ്ഥാനമാണ്. ഒത്തിരിപ്പേർ പാർക്കുന്ന എല്ലാ സ്വകര്യങ്ങളുമുള്ള വലിയ ഒരു ക്യാമ്പസ്സാണത്. പക്ഷെ ഒന്നു നിസ്കരിക്കുന്നതിനായി ഒരു പള്ളിയോ, സാദൃശ്യ ഇടങ്ങളോ അവിടെ ഇല്ലാ എന്നുള്ളത് നമ്മളെ അത്ഭുതപ്പെടുത്തും, കാരണമായി അവർ പറയുന്നത് ഞങ്ങൾക്ക് ഇതിന്റെ ഒന്നും ആവശ്യമില്ല, ഞങ്ങൾ സൂര്യമാർഗികളാണ് സ്വയം പ്രകാശിക്കുന്നവർ, ഞങ്ങൾക്ക് ഒന്നിനേയും വലംചുറ്റേണ്ട ബാധ്യതയില്ല..... ഇത്തിരി അതിരു കടന്ന ഒരു അവബോധവും, മതവിചാരവുമാണിതെന്ന് നിങ്ങൾക്കു തോന്നിയേക്കാം. പക്ഷെ വചനത്തിൽ നിന്ന് ഒരു വാക്യം വായിക്കുമ്പോൾ ഇതെല്ലാം അവസാനിക്കും. (വെളിപാട് 21:23) "നഗരത്തിൽ പ്രകാശിപ്പാൻ സൂര്യനും ചന്ദ്രനും ആവശ്യമില്ല, കുഞ്ഞാട് അതിന്റെ വിളക്കാകുന്നു.' സ്വയം പ്രകാശമായി തീർന്നവന്റെ അനുകാരികളാണ് നാം എന്നിട്ടും എന്തേ ഇത്രമാത്രം ഇരുട്ട് നമ്മെ മൂടി..... സഹോദരൻ സഹോദരനോട് പൊരുതുന്നു... ദേവാലയത്തിൽ ബലി അർപ്പിക്കാനും, ശവസംസ്ക്കാരം നടത്താനും പോലീസ് വേണ്ടി വരുന്നു.... ഇങ്ങനെ ചോദിച്ചാൽ ഒരുപാട് ചോദ്യങ്ങൾ നമ്മോട് ചോദിക്കേണ്ടിവരും ഇതിനൊക്കെ അടിസ്ഥാനം എന്താണെന്ന് ബൈബിൾ പറയുന്നു് യോഹന്നാൻ 8:19 "നിങ്ങൾ എന്നെ ആകട്ടെ എന്റെ പിതാവിനെ ആകട്ടെ അറിയുന്നില്ല" "അവനെ അറിയുന്നവരെക്കെ പ്രകാശമായി തീരണം എന്ന് അവിടുന്ന് നമ്മോടു പറഞ്ഞിട്ടു്" മത്തായി 5:14-16 "നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു". ശിഷ്യത്വത്തോട് ഉപമിച്ച് ക്രിസ്തു പറയുന്ന രണ്ട് വാക്കുകളാണ് "ഉപ്പ്, പ്രകാശം', രണ്ടും സ്വയ ശൂന്യവൽക്കരണത്തിന്റെ അർത്ഥ വ്യാപ്തിയിലേയ്ക്കാണ് നമ്മെ കൊണ്ടുപോകുന്നത്. ഉപ്പ് സ്വയം അലിഞ്ഞുചേരുന്നു, പ്രകാശമാകാൻ ഒരു തിരി സ്വയം ഇല്ലാതാകുന്നു. ഇവിടെ നിന്നാണ് നമ്മെക്കുറിച്ചും, നമ്മുടെ അഹന്തകളെക്കുറിച്ചും നാം മനസ്സിലാക്കേണ്ടത്. സ്വയം ക്രിസ്തുവിനു വേണ്ടി ശൂന്യവൽക്കരിച്ച ഒരു വ്യക്തിയുണ്ട് ബൈബിളിൽ; സ്നാപക യോഹന്നാൻ അദ്ദേഹത്തെക്കുറിച്ച് യേശു പറഞ്ഞു യോഹന്നാൻ 5:35 "അവൻ ജ്വലിച്ച് പ്രകാശിച്ച ഒരു വിളക്കായിരുന്നു.. തീരെ പ്രായോഗികരല്ലെന്നു നമുക്കു തന്നെ തോന്നുന്ന ഇത്തരം വ്യക്തികളാണ് ദൈവ മുൻപിൽ പ്രകാശമായി മാറ്റുന്നവർ... നാം ഒരുപാട് മാറേണ്ടിയിരിക്കുന്നു... പാരമ്പര്യങ്ങളുടെ അഹങ്കാരം പറഞ്ഞും മാമൂലുകളെ ആദർശവൽകരിച്ചും അറിഞ്ഞോ അറിയാതെയോ അക കാഴ്ചകളുടെ ജനാലകൾ കൊട്ടി അടച്ചിരിക്കുന്നതു മാറാതെ എങ്ങനെയാണ് പ്രകാശമാവുക?? ഇവിടെ സാഹാർ ഒരു ഉപകരണമാകട്ടെ. ഒരു ജനതയുടെ അന്ധത മാറ്റിയെടുക്കാനുള്ള ഇത്തിരിവെട്ടം... യുവജനപ്രസ്ഥാനത്തിന് ഒരുപാട് അഭിനന്ദനങ്ങൾ നേരുന്നു.... അക്ഷരങ്ങളിലൂടെ അന്ധത മാറ്റിയെടുക്കുവാനും, കാലിക പ്രധാന്യമുള്ള ദർശനങ്ങളിലേയ്ക്ക് ജനത്തെ കൈപിടിച്ച് ഉയർത്താനും നിങ്ങൾ എടുക്കുന്ന എല്ലാ തീരുമാനങ്ങളും ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരട്ടെ എന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു

എന്ന് നിങ്ങളുടെ വികാരി

**അഭിലാഷ് ഏബ്രഹാം അച്ചൻ**





# ഗാലാ മർത്തശ്മൂനി പള്ളി നാൾ ഇതുവരെ



**George Varghese**

മസ്ക്കറ്റിലെ യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ പതിറ്റാണ്ടുകളായി ആരാധന നടത്തിവരുന്ന ദേവാലയമാണ് റൂവി സെന്റ്:മേരീസ് യാക്കോബായ സുറിയാനി പള്ളി. എന്നാൽ ഗാലായിൽ യാക്കോബായ വിശ്വാസികൾക്ക് മാത്രം ആരാധന ഇല്ലാതിരുന്നത് ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി 2006–ൽ മാതൃദേവാലയത്തിന്റെ പത്താമത് വികാരിയായിരുന്ന ബഹു. സാംസൺ വർഗ്ഗീസ് അച്ചന്റെ നേതൃത്വത്തിൽ ഗാലാ PCO (Protesent Church of Oman) യെ സമീപിക്കുകയും ചർച്ച നടത്തുകയും ചെയ്തു. അവിടെ സമയക്രമീകരണം സാധിക്കാതെ വന്നതുമൂലം റോമൻ കത്തോലിക്കാ പള്ളി വികാരിയുമായി സംസാരിച്ചു. ബഹു. അച്ചൻ ആരാധനാ സൗകര്യം നൽകാമെന്ന് സമ്മതിച്ചത് ഏറെ പ്രത്യാശ പകർന്നിരുന്നു. എന്നാൽ റൂവി പള്ളി മാനേജിങ്ങ് കമ്മറ്റിയുടെ തീരുമാനപ്രകാരം വെള്ളിയാഴ്ച ദിവസങ്ങളിൽ ആരാധനയ്ക്കായി സമയം ആവശ്യപ്പെടുകയും ആ സമയം സാധ്യമല്ലായെന്ന് റോമൻ കത്തോലിക്കാ പള്ളി അറിയിക്കുകയും ചെയ്തു. തുടർന്ന് 2008–ൽ Com. തോമസ് അലക്സാണ്ടർ, Com. ഗീവർഗ്ഗീസ് ജോൺ തരകൻ, Com. ബാബു മാത്യു, റവ. Dn. K.M. സണ്ണി, ജോർജ്ജ് വർഗ്ഗീസ്, ബൈജു മാത്യു, തോമസ് രാജൻ എന്നിവർ പ്രാർത്ഥനയോടുകൂടെ ആരംഭിച്ച യോഗത്തിൽ ഗാലാ റോമൻ കത്തോലിക്കാ ള്ളിയിൽ വച്ച് ഒരു പ്രാർത്ഥന യോഗം നടത്തുവാൻ തീരുമാനിച്ചു. ദൈവത്തിന്റെ അളവറ്റ കൃപയാൽ നൂറോളം അംഗങ്ങൾ പങ്കെടുത്ത പ്രസ്തുത പ്രാർത്ഥനായോഗം ഏറെ അനുഗ്രഹവും പ്രചോദനവും ഗാലായിൽ ആരാധന തുടങ്ങുന്നതിന് വലിയ സാധ്യതകൾ നൽകുകയും ചെയ്തു.

ഏറെ നാളത്തെ പ്രാർത്ഥനയുടേയും അന്വേ ഷണത്തിന്റെയും പ്രവർത്തനത്തിന്റേയും ഒടുവിൽ, പാത്രിയാർക്കൽ വികാരിയായി ചാർജ്ജെടുത്ത നി.വ.ദി.ശ്രീ. മാത്യൂസ് മോർ തേവോദോസ്യോസ് തിരുമേനി യുടെ പ്രഥമ സന്ദർശനത്തിൽ Com. ഗീവർഗ്ഗീസ് ജോൺ തരകൻ, ശ്രീ.ജോർജ്ജ് വർഗ്ഗീസ് എന്നിവർ ഗാലായിൽ ഒരു ഇടവക ഉണ്ടാകേണ്ടതിന്റെ ആവശ്യകത തിരുമേനിയെ അറിയിക്കുകയും Com. തോമസ് അലക്സാണ്ടറെ അതിന്റെ പൂർണ്ണ ചുമതല ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അഭി. തിരുമേനിയുടെ അനുഭാവപൂർണ്ണമായ സമീപനവും പ്രാർത്ഥനയും ഇടവകയ്ക്ക് തുടക്കം കുറിക്കുവാൻ കാരണമായി. താമസംവിനാ 2012 ജനുവരി മാസത്തിൽ റൂവി പള്ളിയിൽ കൂടിയ ഇടവക പൊതുയോഗത്തിൽ വച്ച് ഗാലായിൽ ആരംഭിക്കുന്നതിനുള്ള ചുമതല Com. തോമസ് അലക്സാണ്ടറെ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. തുടർന്ന് റൂവി പള്ളി മാനേജിങ്ങ് കമ്മറ്റി PCOയെ സമീപിക്കുകയും അവർ ശനിയാഴ്ചകളിൽ വൈകിട്ട് 9.30 മുതൽ 12 മണി വരെയുള്ള സമയങ്ങളിൽ ആരാധനാ സൗകര്യം അനുവദിക്കുകയുമായി. അന്ന് റൂവി സെന്റ്. മേരീസ് പള്ളിയിൽ വികാരിയായിരുന്ന ബഹു. ജോബി വർഗ്ഗീസ് അച്ചൻ, Com. തോമസ് അലക്സാണ്ടറെ ഈ വിവരം അറിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ആഫീസിൽ വച്ച് Com. ഗീവർഗ്ഗീസ് ജോൺ തരകൻ, Com. ബാബു മാത്യു, Com. തോമസ് അലക്സാണ്ടർ, Dn. കെ.എം.സണ്ണി, ജോർജ്ജ് വർഗ്ഗീസ്, ബൈജു മാത്യു, തോമസ് രാജൻ എന്നിവർ യോഗം ചേരുകയും 17/3/2012ൽ ആദ്യ വി.കുർബാന ആരംഭിക്കാനും തീരുമാനിച്ചു. ഈ വിവരം അഭി. മാത്യൂസ് മോർ തോവോദോസ്യോസ് തിരുമേനിയെ അറിയിച്ചതിൻ പ്രകാരം പരി. മർത്തശ്മൂനി അമ്മയുടെയും ഏഴുമക്കളുടെയും ഗുരുവായ ഏലിയാസറിന്റേയും നാമത്തിൽ ഒരു ദേവാലയമായി പ്രഖ്യാപിച്ചുകൊണ്ടുള്ള അനുഗ്രഹ കൽപന ലഭിക്കുകയും ചെയ്തു. അനന്തരം 17/3/2012 രാത്രി 10മണിക്ക് PCOയിൽ വച്ച് ബഹു. ജോബി വർഗ്ഗീസ് അച്ചൻ ആദ്യ വി.കുർബ്ബാന അർപ്പിച്ചു.

ആരംഭകാലം മുതൽ എല്ലാ വിവരങ്ങളും ഇടവക മെത്രാപ്പോലീത്താ വഴിയായി പ.പാത്രിയർക്കീസ് ബാവയെ അറിയിച്ചുകൊണ്ടിരുന്നതിൻ പ്രകാരം 16/4/2012–ൽ കാലം ചെയ്ത നി. വ. ദി. മ. മ. ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഗാലാ പള്ളിയെ ഒരു സ്വതന്ത്ര ഇടവകയായി പ്രഖ്യാപിച്ച് ശ്ലൈഹിക കൽപന അയച്ചത് ഏറെ അനുഗ്രഹകരമായിത്തീർന്നു. പിന്നീട് റവ. ഫാ. നൈനാൻ തോമസ്, റവ. ഫാ. ഡേവിസ് തങ്കച്ചൻ എന്നീ വൈദീക ശ്രേഷ്ഠരും വി.കുർബ്ബാന അർപ്പിച്ചുവന്നു. 2015–ൽ പാത്രിയാർക്കൽ വികാരിയായി വന്ന നി.വ.ദി..ശ്രീ. മാർക്കോസ് മോർ ക്രിസോസ്റ്റമോസ് തിരുമേനി റവ.ഫാ.എൽദോസ് കറുകപ്പള്ളിയെ വികാരിയായി നിയമിച്ചത് ഒരു പുതിയ വഴിത്തിരിവായി. അതേത്തുടർന്ന് റവ.ഫാ.അനീഷ് പാറശ്ശേരിയിൽ ചുമതലയേറ്റ് സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ചു വന്നു.

മസ്ക്കറ്റിലെ യാക്കോബായ വിശ്വാസികളുടെയും വൈദികരുടെയും നിരന്തരമായ പ്രാർത്ഥനയുടെയും



പരിശ്രമത്തിന്റെയും Com. തോമസ് അലക്സാണ്ടറുടെയും ദീർഘവീക്ഷണത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമായി 2017–ൽ ഒമാൻ ഗവണ്മെന്റിൽ നിന്നും ദേവാലയ നിർമ്മാണത്തിനാവശ്യമായ സ്ഥലം ദാനമായി ലഭിക്കുകയുമായി. ഇടവക മെത്രാപ്പോലീത്ത അഭി. പൗലോസ് മോർ ഐറേനിയോസ് തിരുമനസ്സുകൊണ്ട് പരി.പാത്രിയർക്കീസ് ബാവായുടെ തൃക്കരങ്ങളാൽ ആശിർവദിച്ചുതന്ന അടിസ്ഥാനശില സ്ഥാപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ദൈവത്തിന്റെ അദൃശ്യകരം എപ്പോഴും കൂടെയിരുന്നതിനാൽ ചുരുങ്ങിയ കാലം കൊണ്ട് പരിശുദ്ധ സഭയ്ക്ക് അഭിമാനമായി അതിമനോഹരമായ ഒരു ദൈവാലയം പണിത് തീർക്കുവാൻ സാധിച്ചു. 2018 മാർച്ച് മാസം 22–ാം തീയതി റൂവി പള്ളിയിൽ വച്ച് അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം, പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ പരിശുദ്ധ മർത്തശ്മൂനി അമ്മയുടെ നാമത്തിൽ ഈ ദേവാലയം മൂറോൻ കൂദാശ നടത്തി പരി. സഭയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു.


ദൈവത്തിന്റെ അളവറ്റ കരുണയാൽ 2018 മെയ് മാസം 10–ാം തിയതി ഒമാനിലെ തന്റെ ആദ്യ അപ്പോസ്തോലിക സന്ദർശനവേളയിൽ ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറോൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ മുഖ്യ കാർമ്മികത്വത്തിലും ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെയും സഭയിലെ വന്ദ്യ പിതാക്കന്മാരുടെയും സഹ കാർമ്മികത്വത്തിലും ഗാലാ മർത്തശ്മൂനി ദേവാലയം കൂദാശ ചെയ്യപ്പെട്ടു. ഒമാനിലേയും മറ്റ് ഗൾഫ് രാജ്യങ്ങളിലേയും വന്ദ്യ വൈദികരും സഭാമക്കളും തദവസരത്തിൽ സന്നിഹിതരായിരുന്നു. മൂറോനഭിഷേക കൂദാശയ്ക്കുശേഷം ഇടവക വികാരി ഫാ. അഭിലാഷ് ഏബ്രഹാമിന്റെ നേതൃത്വത്തിൽ നിലവിലുള്ള കമ്മറ്റി വിപുലീകരിക്കുകയും താഴെ പറയുന്ന ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു. വൈസ് പ്രസിഡന്റ് Com. ഗീവർഗ്ഗീസ് ജോൺ തരകൻ, ട്രസ്റ്റി Dn. കെ. എം. സണ്ണി, സെക്രട്ടറി ജോർജ്ജ് വർഗ്ഗീസ്, ജോ. സെക്രട്ടറി തോമസ് രാജൻ, ജോ. ട്രസ്റ്റി Com. ബാബു മാത്യു, Com. തോമസ് അലക്സാണ്ടർ എന്നിവരടങ്ങുന്ന കമ്മിറ്റി, ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രസ്തുത വർഷത്തിൽ 16 കുടുംബങ്ങളിൽ നിന്ന് ഇടവകയുടെ അംഗസംഖ്യ 172 കുടുംബങ്ങളായി ഉയർന്നു എന്നുള്ളതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ വികാരിയായി ചുമതലയേറ്റ അഭിലാഷ് അച്ചൻ, സ്തുത്യർഹമായി ഈ ഇടവകയിൽ സേവനം അനുഷ്ഠിച്ചു വരുന്നു. നല്ലവനും വിശ്വസ്ഥനുമായ ദാസനായി ഈ ഇടവകയെ അത്യധികം കരുതുകയും ഇടവകയുടെ അഭിവൃദ്ധിക്കായി അഹോരാത്രം പ്രയത്നിക്കുകയും ചെയ്യുന്ന അച്ചന്റെ പ്രവർത്തനങ്ങൾ എന്നും നമുക്ക് ഒരു മുതൽക്കൂട്ടാണ്. എല്ലാ ഇടവക ജനങ്ങളേയും ഒരേപോലെ കരുതുവാനുള്ള അച്ചന്റെ വലിയ മനസ്സ് ഇടവകയുടെ വളർച്ചയ്ക്ക് പ്രധാന പങ്ക് വഹിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും നടത്തപ്പെടുന്ന ദിവ്യാനുഭവ ധ്യാനം, നമ്മുടെ ഇടവകയിൽ മാത്രമല്ല, മറ്റ് സഭകളിൽ നിന്നുള്ള ധാരാളം ദൈവമക്കളും പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു വരുന്നു എന്നതോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു.

നടപ്പുവർഷത്തിൽ അഭിവന്ദ്യ ഇടവക മെത്രാപോലീത്തായുടെ കൽപന പ്രകാരം ഇടവകയുടെ ഷെയർ ഹോൾഡേഴ്സിന്റെ മീറ്റിങ്ങ് വിളിച്ചുകൂട്ടി ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ഇടവക പൊതുയോഗത്തെ അറിയിക്കുകയും തുടർന്ന് മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാര കൽപനയോടെ താഴെ പറയുന്നവർ 2019–20 വർഷത്തെ ഭാരവാഹികളായി ചുമതല ഏൽക്കുകയും ചെയ്തു.

Vice President : Com. Geevarghese John Tharakan
Trustee : Thomas Rajan
Secretary : George Varghese
Joint Trustee : K.K.Kuruvila
Joint Secretary : Jibin Mathew
Managing Committee : Com.Thomas Alexander, Com. Babu Mathew, Georgy Thomas, Robin Babu, Dn. K.M.Sunny, Dr. Sherimon P.C.

ഈ ഒരു വർഷത്തിനിടയിൽ വിവിധ ആതുരശുശ്രൂഷാ മേഖലകളിലും ദേവാലയങ്ങളോടുള്ള ബന്ധത്തിലും ഇടവക കൊടുക്കുന്ന കൈത്താങ്ങുകൾ ചാരിതാർത്ഥ്യത്തോടെ സ്മരിക്കുന്നു. ഇടവകയുടെ യശസ്സ് വാനോളമുയർത്തുന്ന ഭക്തസംഘടനകളായ യൂത്ത് അസോസിയേഷൻ, വനിതാ സമാജം, സൺഡേ സ്കൂൾ എന്നിവയെ മുക്തകണ്ഠം അഭിനന്ദിക്കുന്നു.

Com. തോമസ് അലക്സാണ്ടറുടെ ദീർഘവീക്ഷണത്തിന്റെയും കഠിനാധ്വാനത്തിന്റെയും സാമ്പത്തീക സഹായത്തിന്റെയും ഫലമായിട്ടാണ് ഇന്ന് കാണുന്ന ഈ ദേവാലയം രൂപപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തോട് എത്ര നന്ദി പറഞ്ഞാലും അത് അധികമാകില്ല എന്നുള്ളത് സത്യമാണ്. അദ്ദേഹത്തോടും കുടുംബത്തോടുമുള്ള പ്രത്യേക നന്ദി ഇത്തരുണത്തിൽ രേഖപ്പെടുത്തുന്നു. പ.സഭയ്ക്ക് ആരാധനാ സ്വാതന്ത്രവും ദേവാലയ നിർമ്മാനത്തിനാവശ്യമായ സ്ഥലവും നൽകിയ HM സുൽത്താൻ കാബൂസ് ബിൻ സെയ്ദിനോടും ഒമാൻ ജനതയോടുമുള്ള അകൈതവമായ കൃതജ്ഞതയും സ്നേഹവും ഇത്തരുണത്തിൽ രേഖപ്പെടുത്തുന്നു. ഇതിന് നേതൃത്വം കൊടുത്ത റൂവി സെന്റ് മേരീസ് പള്ളി വികാരി ആയിരുന്ന റവ.ഫാ.ബേസിൽ വർഗ്ഗീസ്, ഭരണസമിതി അംഗങ്ങൾ, ഇടവക ജനങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.






# മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്പ്പിൻ



Fr. Shijo T. Scaria
Vicar St. Mary's Church, Ruwi

സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ വീണ്ടെടുപ്പ് ദൈവത്തിന് വിലയേറിയതായി. പ്രവാചക ദൗത്യങ്ങളുടെ പൂർത്തീകരണത്തിൽ അവസാന പ്രവാചകനായ യോഹന്നാൻ മാംദോനോ നൽകുന്ന സന്ദേശമാണിത്. ആസന്നമായ ശിക്ഷ്യാവിധിയിൽനിന്ന് കരകേറുവാനായി മാനസാന്തരയോഗ്യമായ ഫലം കായ്ക്കപ്പെടുവാനായി വിളിക്കപ്പെടുന്നു. ഒരുപാട് പ്രതീക്ഷകളോടെ നട്ട വൃക്ഷം വളർന്ന് പന്തലിച്ചിട്ടും പൂവിടുന്നില്ലെങ്കിൽ; കർഷകൻ അതിലേക്ക് നോക്കുന്നത് നിരാശയോടും കോപത്തോടും ആയിരിക്കും. ഒരുപക്ഷേ അതിൽ ഫലങ്ങൾ കണ്ടുതുടങ്ങുമ്പോൾ കർഷകനെ അത് സന്തോഷിപ്പിക്കുകയും ആസന്നമായ കോപത്തിൽ നിന്ന് പിന്തിരിപ്പിക്കുകയും ചെയ്യും. വി.യോഹന്നാൻ എഴുതിയ സുവിശേഷം 15:16–ൽ നിങ്ങൾ ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കി വച്ചിരിക്കുന്നു എന്നുകാണുന്നു. ഈ അത്യാധുനിക കാലഘട്ടത്തിൽ ഭൗതികത മേൽക്കുമേൽ അഭിവൃദ്ധിപ്പെടുകയും സാങ്കേതിക വിദ്യയുടെ വിസ്ഫോടനങ്ങൾ നടക്കപ്പെടുകയും ചെയ്യുന്നിടത്ത് 'ആത്മീയത' എന്തുകൊണ്ട് പലയിടങ്ങളിലും പരിഹസിക്കപ്പെടുന്നു എന്നുള്ളത് നാം ചിന്തിക്കണം. അതിനുള്ള ഉത്തരം പ്രവാചകന്റെ വചനം പോലെ വ്യക്തമാണ്, കായ്ച്ചതെല്ലാം കാട്ടുമുന്തിരികൾ ആയിരുന്നു എന്നതത്രേ! ആത്മീയതയുടെ ഫലങ്ങളെ പുറപ്പെടുവിച്ചുകൊണ്ട് ഓരോ കാലഘട്ടങ്ങളിലും മനുഷ്യമനസ്സിൽ ഇടം നേടുവാൻ നമുക്ക് കഴിയണം. നമ്മുടെ മുൻതലമുറയിൽ ഓർക്കപ്പെടുന്ന പിതാക്കന്മാരും വിശുദ്ധരുമെല്ലാം ഇത്തരത്തിൽ ഫലം പുറപ്പെടുവിച്ചവരായിരുന്നു. വചനാനുസൃതമായി ഫലം കായ്ക്കുന്നതിനുള്ള ചില വ്യവസ്ഥകൾ നമുക്ക് ചിന്തിക്കാം.

### 1. ആറ്റരികത്ത് നട്ടിരിക്കുന്ന വൃക്ഷം (സങ്കീ: 1:4)

സങ്കീർത്തനങ്ങൾ ആദ്യ അദ്ധ്യായം ഏറെ കാവ്യാത്മകമാണ്. തക്കകാലത്ത് ഫലം നൽകുന്ന ഇലവാടാത്ത വൃക്ഷത്തിന്റെ സ്ഥാനം ആറ്റരികത്ത് നട്ടിരിക്കുന്നു എന്നുള്ളതാണ്. ഞാൻ എവിടെ ആയിരിക്കുന്നു എന്നുള്ളത് എന്റെ ഫലത്തിൽ പ്രകടമാകുന്നതാണ്. ""ആദമെ നീ എവിടെ'' എന്ന ആദ്യ ചോദ്യത്തിൽത്തന്നെ പ്രകടമാകുന്നത് സ്ഥാനഭ്രംശം വന്ന ആദമിനെക്കുറിച്ചാണ്. ആയിരിക്കേണ്ട അവസ്ഥകളിൽ നിന്ന് മാറിപ്പോകുന്നു. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ നമ്മുടെ വ്യക്തിജീവിതത്തിൽ നാം തിരഞ്ഞെടുക്കുന്ന സാഹചര്യങ്ങൾ നമ്മെ സ്വാധീനിക്കും. സൗഹൃദങ്ങളും, സന്ദർശന ഇടങ്ങളും നമ്മുടെ ഫലം നൽകുന്ന അവസ്ഥകളെ ബാധിക്കും. ജീവജലത്തിന്റെ അരുവികളെ കണ്ടെത്തുക എന്ന ദൗത്യം നമുക്ക്. ഒരു നല്ല കർഷകനെപ്പോലെ, ആവശ്യാനുസരണം ഉറവകളെ തെളിക്കുവാനും ചാലുകൾ കീറി വൃക്ഷച്ചുവട്ടിലേക്ക് ജലം എത്തിക്കുവാനും കഴിയണം. വി.യോഹന്നാൻ 4:14 നിത്യജീവനുകളിലേക്ക് ഉയർന്നു വരുന്ന നീരുറവിനെ നമുക്ക് പരിചയപ്പെടുത്തുന്നു.

### 2. മുന്തിരിത്തോട്ടത്തിലെ അത്തിവൃക്ഷം (ലൂക്ക 13:6)

മുന്തിരി തോട്ടത്തിലെ അത്തിവൃക്ഷം എന്ന ഉപമ രണ്ടുകാര്യങ്ങൾ പഠിപ്പിക്കുന്നു. ഒന്ന് നിന്റെ സൃഷ്ടാവിന് നിന്നോടുള്ള കരുതൽ. രണ്ട് നിനക്ക് ദൈവം നൽകിയിരിക്കുന്ന വ്യത്യസ്ഥത. നിന്നെ ദൈവം തെരഞ്ഞെടുത്തിരിക്കുന്നു എന്ന് ചിന്തിക്കുമ്പോൾ ഈ ലോകത്തോട് അനുരൂപപ്പെടുക എന്നുള്ളതല്ല, ആയിരിക്കുന്നിടത്ത് ദൈവിക ഫലങ്ങളെ കൊടുക്കുക എന്ന ദൗത്യം നമുക്ക്. ഒരു വിശ്വാസിയെ തിരിച്ചറിയുന്നത് അവന്റെ വ്യത്യസ്തമായ ഇടപെടലുകൾ കൊണ്ട് ആയിരിക്കണം. രണ്ടായിരം വർഷങ്ങൾക്കപ്പുറം ക്രിസ്തു കാട്ടിത്തന്നതായ ജീവിതമൂല്യം ഒഴുക്കിനൊപ്പം നീങ്ങുക എന്നുള്ളതല്ല. ആയിരിക്കുന്നിടത്ത് വ്യത്യസ്തനായിരിക്കുക എന്നുള്ളതാണ്.

### 3. ചെത്തിവെടിപ്പാക്കുക (St. John 15:2)

ചെത്തിവെടിപ്പാക്കുന്ന മുന്തിരി അധികം ഫലം നൽകും. സമീപകാലത്തെ ഫലശൂന്യതയ്ക്കും ജീർണ്ണതയ്ക്കുമുള്ള കാരണം വേണ്ടവണ്ണം ഉള്ളാലെ പരുവപ്പെടൽ സംഭവിക്കുന്നില്ല എന്നുതന്നെയാണ്. ഫലം പുറപ്പെടുവിക്കുവാൻ കഴിയാതെ മുരടിച്ചുപോയ ശീലങ്ങളെ പുതുക്കുവാനും നന്മയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാനും കഴിയണം. അനുദിനമുള്ള മാനസാന്തരവും ഏറ്റുപറച്ചിലുമൊക്കെ മനുഷ്യനെ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കുമെന്നതിന് സംശയമില്ല.

### 4. വിത്തുകൾ ദ്രവിക്കുമ്പോൾ അത്രേ മുളയ്ക്കുന്നത് (1 Cor 15:36)

ഗോതമ്പിനെ കുറിച്ച് പൗലോസ് അപ്പോസ്തലൻ വിവരിക്കുന്നത് സ്വാഭാവിക ശരീരത്തോടെ ഇരിക്കുന്ന ധാന്യം അത് വിതയ്ക്കുമ്പോൾ മറ്റൊന്ന് അതിൽനിന്ന് പുറപ്പെടുന്നു എന്നുള്ളതാണ്. ഫലം നൽകുന്നത് ദൈവമാണ്. നമ്മുടെ സഹനങ്ങളും ത്യാഗങ്ങളും ഒന്നും നമ്മെ ഇല്ലാതെയാക്കുകയല്ല, നമ്മിൽ നിന്ന് അനേക വ്യക്തികളിലേക്ക് നന്മ ഒഴുകുവാനുള്ള പുതുവഴികൾ സൃഷ്ടിക്കുകയാണ്. കത്തിത്തീരുന്ന ഓരോ മെഴുകുതിരിയും ഉരുകിത്തീരുന്ന ശരീരമായല്ല ഓർക്കപ്പെടുന്നത്. അനേകരുടെ ജീവിതത്തെ പ്രകാശിപ്പിച്ച വെളിച്ചമായാണ്.

മനുഷ്യൻ രൂപപ്പെടുന്നത് സൃഷ്ടാവിന്റെ വിരലുകളിലൂടെയാണ്. ഓരോരുത്തരിലും തനതായ വ്യക്തിത്വവും പ്രത്യേകതകളുമുണ്ട്. ലോകത്തിന്റെ നൈമിഷികസുഖങ്ങളിലും കാഴ്ചകളിലും അകപ്പെടുമ്പോൾ നമ്മെക്കുറിച്ചുള്ള പദ്ധതിയിൽനിന്ന് നാം അകലുന്നു. നമ്മുടെ ലക്ഷ്യം സ്വർഗ്ഗരാജ്യത്തിന്റെ നിക്ഷേപങ്ങളാണെന്നുള്ളതും മറക്കുന്നു. പിന്നിലുള്ളതെല്ലാം മറന്ന് മുമ്പിലുള്ള ലക്ഷ്യത്തെ ഓർത്ത് മുന്നേറുവാൻ അനുദിനം നല്ല ഫലങ്ങളിലൂടെ രക്ഷിതാവിനെ സന്തോഷിപ്പിക്കുവാൻ, ജീവജലത്തിന്റെ അരുവിയിൽ നിന്ന് കുടിച്ച്, രക്ഷകന്റെ മുന്തിരിത്തോട്ടത്തിന്റെ അനുഭവത്തിൽ പുതുക്കപ്പെടേണ്ട വഴികളിൽ പുതുക്കപ്പെടുകയും സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ പുതിയ സൃഷ്ടിയാകുന്നു എന്ന തിരിച്ചറിവോടെ സന്തോഷിക്കുവാനും നമുക്ക് സാധിക്കട്ടെ.

# Dustbin for the Elderly



Nandana Sheri

The elderly is a section of humanity that is underrated and completely neglected. Forgotten by the world they seem to be found less in their homes and more in the list of unwanted part of humanity. Thus, when time comes, they are deposited off to the dustbin, the place for elderly who are of no use anymore in the increasingly common Old Age Homes. What makes us think that we have any rights to deposit off our parents like trash? Keep in mind those parents were the reason you had food in your belly and shoes on your feet.

Grandparents are two generations away from us. They cannot advance with the forever advancing world. But that does not mean they become trash unfit to keep at homes anymore.

There was a little boy whose father was getting irritated because, the old grandfather who lived in their house would constantly break glass plates. Sick and tired of this man, the father took him to the nearest Old Age Home. The next day the boy sat making a plate out of clay. When the father enquired why he was doing this, he simply replied, 'so I do not have to take you to the old age home. Father, clay does not break easily.'

So, what is the end of it? Do not leave parents in old age homes? That is not the conclusion we're looking for.

Give your grandparents all the love they deserve. Remember, they are one of the factors to your existence. You will never know how much affection lays in their heart for you, until your children have children. But by that time, it will be too late to prove them their worth.

Communicate, talk. Use those smart phones you possess for something good. Instead of speaking to your best friends you see every single day at school, take your phone dial 0091 dial your 10-digit number and press call. If you are incapable of providing them the love they deserve, they deserve more than you. Love them immensely. As someone said 'on the seventh day God rested. His grandchildren might have been out of town.'

Our grandparents, the elderly: yesterday's youth, today's forgotten and let them know their actual worth before they become tomorrow's corpses.






# വിഗ്രഹങ്ങൾ നിർമ്മിക്കപ്പെടുമ്പോൾ

Fr. Greger R Kollanoor
Palackal, Koranchira



"മീതെ ആകാശത്തിൽ ഉള്ളതോ, താഴെ ഭൂമിയിൽ ഉള്ളതോ ഭൂമിക്കു താഴെ വെള്ളത്തിൽ ഉള്ളതോ ആയ ഒന്നിന്റെയും പ്രതിമയോ സാദൃശ്യമോ നീ ഉണ്ടാക്കരുത്. അവയെ ആരാധിക്കുകയോ അവയെ സേവിക്കുകയോ ചെയ്യരുത്." (പുറ. 20:4-5)

ആരാധനാ ചരിത്രത്തിലെ ഏറ്റവും കഠിനമായ പാപമായി വിശുദ്ധ ഗ്രന്ഥം മുന്നോട്ട് വയ്ക്കുന്ന പാപമാണ് വിഗ്രഹാരാധന. വിഗ്രഹം എന്നതിന്റെ നിർവ്വചനത്തെ അടിസ്ഥാനപ്പെടുത്തി ഈ വിഷയം ചർച്ച ചെയ്യപ്പെടുമ്പോഴാണ് സുറിയാനി ഓർത്തഡോക്സ് പാരമ്പര്യത്തിലെ മലങ്കരസഭയിലെ ആധുനിക പ്രവണതകൾ ചോദ്യം ചെയ്യപ്പെടുന്നത്.

പിതാക്കന്മാരുടെ "സ്തുതി ചൊവ്വാക്കപ്പെട്ട" വിശ്വാസങ്ങളുടെ അതിരുകൾ ഇപ്രകാരം മാറ്റി വരക്കപ്പെട്ടതിന്റെ നേർ ചിത്രങ്ങൾ മലങ്കര സഭയുടെ വർത്തമാന കാലത്തിന്റെ സാക്ഷ്യങ്ങളാണ്. അല്പം പ്രശസ്തിയും, ലാഭവും മാത്രം മതി സഭയുടെ ഏത് പാരമ്പര്യങ്ങളും മാറ്റി മറിക്കാം എന്ന വ്യവസ്ഥിതിയിലേക്ക് കാര്യങ്ങൾ വന്നെത്തി നിൽക്കുന്നു.

## വിഗ്രഹം: വാക്കും പൊരുളും

'വിഗ്രഹം' എന്നത് കേവലം ഒരു ശില്പമോ, രൂപമോ, ബിംബമോ ആയി സാമാന്യ അർത്ഥത്തിൽ വിവക്ഷിക്കപ്പെടുന്നു, എങ്കിലും വേദപുസ്തക ഭാഷയിൽ അത് വ്യത്യസ്ഥമാണ്. ദൈവമായി അല്ലെങ്കിൽ ദൈവത്തെ പോലെ കരുതുകയും, ആരാധിക്കുകയും ചെയ്യപ്പെടുന്ന സർവ്വത്തേയും വി.ഗ്രന്ഥം 'വിഗ്രഹം' എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നു. അത് ഒരു ബിംബമോ, രൂപമോ, ശില്പമോ, വ്യക്തിയോ, വസ്തുവോ ആകാം. ഒരു വേള ഒരു പ്രത്യേക സ്ഥലമോ, നിർമ്മിതിയോ ആകാം. ഈ അർത്ഥത്തിൽ നിന്നുകൊണ്ടാണ് കർത്താവ് ശമര്യാ സ്ത്രീയോട്, "സത്യ ആരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കണം... എന്തെന്നാൽ ദൈവം ആത്മാവാകുന്നു. തന്നെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കേണ്ടതാകുന്നു" (യോഹ. 4:23-24) എന്ന് കല്പിച്ചത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആരാധിക്കപ്പെടേണ്ടത് ആത്മാവിലുള്ള സത്യ ദൈവത്തെ മാത്രമായിരിക്കണം.

എന്നാൽ മനുഷ്യന്റെ ബുദ്ധിക്കും, ജ്ഞാനത്തിനും ഇന്ദ്രിയഗോചരമല്ലാത്ത ദൈവത്തെ ആത്മാവിൽ ആരാധിക്കുവാൻ ഇനിയും സാധ്യമായില്ല എന്ന നിലയിലാണ് അവന് ഇന്ദ്രിയഗോചരമായ വസ്തുക്കളാൽ ദൈവിക സാന്നിധ്യത്തിന്റെ അവബോധം സൃഷ്ടിക്കുവാൻ തക്കവിധം ചില പ്രത്യേക വസ്തുക്കളെയോ, സ്ഥലങ്ങളെയൊ ആത്മീയ അഭിവൃദ്ധിക്ക് ഉതകുമാറ് ഉപയോഗിക്കുവാൻ അവിടുന്ന് അനുമതി നല്കുന്നത്. അത്തരം വസ്തുക്കളുടെ സാന്നിധ്യമോ,സാമീപ്യമോ സാമാന്യ മനുഷ്യന്റെ ചിന്തയിൽ ദൈവബോധവും, സത്യാരാധനയുടെ അവബോധവും സൃഷ്ടിക്കുകയും, കാലാന്തരത്തിൽ ഇത്തരം സൂചകങ്ങൾ കൂടാതെ തന്നെ അവിടുത്തെ ആരാധിക്കുവാൻ മനുഷ്യന് സാധ്യമാകുമെന്ന് അവിടുന്ന് നിശ്ചയിച്ചു. അതിന്റെ മുൻ കുറിയായിരുന്നു ഏദന്റെ പറുദീസായിൽ സൃഷ്ടിക്കപ്പെട്ട "നന്മ-തിന്മകളെ കുറിച്ച് ബോധ്യം വരുത്തുന്ന വൃക്ഷം'. ഇതിന്റെ തുടർച്ചയായിരുന്നു സമാഗമന കൂടാരവും, യേരുശലേം ദൈവാലയവും. കാലത്തിന്റെ പൂർണ്ണതയിൽ ദൈവം തന്നെ ഇന്ദ്രിയഗോചരമായ മനുഷ്യനായി ജഡധാരണം ചെയ്തു. പിന്നീട് പുതിയ നിയമസഭയിൽ അത് ദൈവാലയങ്ങളും, വിശുദ്ധകൂദാശകളും സർവ്വോപരി വി.കുർബാനയുമായി നല്കപ്പെട്ടു. അവ അവയിൽ തന്നെ നിഴലുംപൊരുളുമായി ആത്മാവാം ദൈവത്തെ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

എന്നാൽ പഴയ നിയമ സഭക്ക് സംഭവിച്ചത് പോലെ തന്നെ പുതിയ നിയമ സഭക്കും ഈ വീഴ്ച സംഭവിച്ചു. സത്യ ആരാധനയുടെ ഈ സൂചനകൾ പിന്നീട് അതിൽ തന്നെ പൂർണ്ണമെന്ന് മനുഷ്യൻ വിശ്വസിച്ച് തുടങ്ങിയപ്പോഴാണ് അത് വിഗ്രഹമായി നിപതിച്ചത്. പഴയ നിയമത്തിലെ 'നെഹുഷ്ഠാൻ' ഇപ്രകാരം സംഭവിച്ച വിപത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

## താമ്രസർപ്പം എന്ന നെഹുഷ്ഠാൻ

യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും സുപ്രധാന സംഭവമായി വിലയിരുത്തപ്പെടുന്ന കനാനിലേക്കുള്ള പുറപ്പാടിൽ, മരുഭൂയാത്രയിലെ മറുതലപ്പിന്റെ ഫലമായി ലഭിച്ച ശിക്ഷയിൽ, അഗ്നിസർപ്പങ്ങളുടെ കടിയിൽ നിന്ന് രക്ഷപ്പെടുവാൻ ദൈവകൽപന പ്രകാരം മോശ നിർമ്മിച്ച താമ്ര സർപ്പമാണ് പിന്നീട് "നെഹുഷ്ഠാൻ' എന്ന് അറിയ പ്പെട്ടത്. അഗ്നിസർപ്പത്തിൻ നിന്ന് രക്ഷ പ്രാപിച്ച അവർ ദൈവ കൽപനയുടെ ഭാഗമായി നിർമ്മിച്ച "താമ്രസർപ്പത്തെ' ദൈവസാന്നിധ്യത്തിന്റെയും,

കരുതലിന്റെയും, രക്ഷയുടെയും അടയാളമായി തങ്ങളോടൊപ്പം കൊണ്ടുപോയി (മഹാജ്ഞാനം 16: 5-12). അത് പിന്നീട് സമാഗമന കൂടാരത്തോടൊപ്പം വഹിക്കപ്പെട്ടു. ഒടുവിൽ യെരുശലേം ദൈവാലയം സ്ഥാപിതമായപ്പോൾ അത് ദൈവാലയത്തിൽ സ്ഥാപിക്കപ്പെട്ടു[1]. എന്നാൽ അത് വരെ സൂചകമായിരുന്ന നെഹൂഷ്ഠാൻ പിന്നീട് വിജാതീയ രീതി പ്രകാരം ദൈവമായി മാറ്റപ്പെടുന്ന കാഴ്ചയാണ് വേദചരിത്രത്തിൽ കണ്ടത്.

അഗ്നി സർപ്പത്തിന്റെ കടിയേൽക്കുന്നവർക്ക് ദൈവസാന്നിധ്യത്തിന്റെ ബോധ്യം ലഭിക്കുവാനും അതു മുഖാന്തിരം അനുതപിപ്പാനും, അതിലൂടെ രക്ഷക്ക് ഉതകുന്ന ഒരു ചാലകമാകുവാനും "താമ്രസർപ്പത്തിന്' കഴിഞ്ഞു[2]. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യരിലേക്കുള്ള ദൈവകൃപയുടെ ഒഴുക്കിന് മാധ്യമമാവുക എന്നതായിരുന്നു താമ്രസർപ്പത്തിന്റെ ഉദ്ദേശ്യം. ഈ വസ്തുത പിൽകാലത്ത് വിസ്മരിക്കപ്പെടുകയും, ദൈവകൃപ ഉൽപാദിപ്പിക്കപ്പെടുന്ന ഉറവിടമായി അത് പരിഗണിക്കപ്പെടുകയും ചെയ്തതോടെ അത് വിഗ്രഹമായി തീർന്നു.

ഹെസക്കിയേലിന്റെ കാലത്ത് (715-686ബി.സി.) അത് ഒരു കുട്ടി ദൈവമായിത്തീരുകയും, അതിന്റെ മുൻപിൽ ധൂപം അർപ്പിക്കുവാനും തുടങ്ങി. മോശയാൽ സ്ഥാപിക്കപ്പെടുകയും, അതിൽ നോക്കിയവർക്ക് രക്ഷ കിട്ടി എന്ന വസ്തുത പ്രചരിപ്പിക്കപ്പെടുകയും ചെയ്തതോടെ നെഹൂഷ്ഠാൻ ഒരു ദൈവമായി തീർന്നു. ഈ ദൈവ സങ്കൽപ്പത്തേയും, പ്രതിഷ്ഠയേയും നശിപ്പിക്കാനാണ് ഹെസക്കിയേൽ അത് നശിപ്പിച്ചത് (2 രാജാ. 18:14).

**ആധുനിക നെഹൂഷ്ഠാം പ്രതിഷ്ഠകൾ**

ദൈവാലയത്തോടും ആരാധനാ സമൂഹത്തോടും ചേർന്ന് ഇത്തരം പ്രതിഷ്ഠകൾക്കുള്ള സാധ്യതകൾ വളരെ കൂടുതലായ ഒരു കാലഘട്ടമാണിത്. വ്യത്യസ്ഥങ്ങളായ സഭാ സമൂഹങ്ങളോടും, മത സമൂഹങ്ങളോടും ചേർന്ന്, വൈവിധ്യത്തിന്റെ കലവറയിൽ ജീവിക്കുന്ന മലങ്കരസഭയിൽ ഇതിനോടകം ചേർക്കപ്പെട്ട അനാചാരങ്ങളും അനുഷ്ഠാനങ്ങളും സുറിയാനി ദൈവശാസ്ത്രത്തിനും, പാരമ്പര്യത്തിനും നിരക്കാത്തതാണ്. ദൈവാലയ നിർമ്മിതിമുതൽ അതിൽ വയ്ക്കുന്ന ചിത്രങ്ങൾ, സ്പെഷ്യൽ കുർബാന കളുടെ വിളംബരം, കൊന്തയുടെയും രൂപങ്ങളുടെയും ഉപയോഗം, ഉരുളുനേർച്ച, തൂക്കുനേർച്ച, എഴുന്നള്ളിപ്പുകൾ, താലം നേർച്ച, വി.കുർബ്ബന എഴുന്നെള്ളി ക്കുമ്പോൾ കൈ കൂപ്പി പിടിച്ച് നിൽക്കുക തുടങ്ങി അലങ്കാരം മൂടിയ കബറുകൾ, വണക്ക പെരുന്നാളുകൾ പോലുള്ള ആചാരങ്ങൾ "സ്തുതിചൊവ്വാക്കപ്പെട്ട" വിശ്വാസത്തിൽ ഉൾപെടുന്നതല്ല. ഇതിനെതിരെ പറയുന്നവരും എഴുതുന്നവരും പ്രൊട്ടസ്റ്റന്റുകാരാണ് എന്ന് മുദ്രകുത്തുന്ന അവസ്ഥയിലാണ് ഇന്ന് കാര്യങ്ങൾ പോകുന്നത്. ഒരിക്കൽ അടച്ച രൂപക്കൂടുകൾ വീണ്ടും തുറക്കുന്നതും, തിരുശേഷിപ്പുകളില്ലാതെ സ്മാരക കബറുകൾ പണിയുന്നതും ഇന്നത്തെ ഒരു പ്രവണതയായി തീർന്നിരിക്കുകയാണ്. തിരുശേഷിപ്പുകളോടുള്ള അടങ്ങാത്ത അഭിനിവേശത്തിന്റെ അടിസ്ഥാനം ഭൂരിപക്ഷവും ഭക്തിയല്ല, മറിച്ച് പണമാണ് എന്നത് നഗ്നമായ സത്യമാണ്. ഒരു തിരുശേഷിപ്പെങ്കിലും ഇല്ലാത്ത പള്ളി ഒരു ദൈവാലയമേ അല്ല എന്ന തലത്തിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. എവിടെ നിന്നെങ്കിലും "ഒരു തട്ടോ, പൊടിയോ എങ്കിലും കിട്ടിയിരുന്നെങ്കിൽ" എന്ന് പട്ടക്കാരും, വിശ്വാസികളും ചിന്തിച്ചു തുടങ്ങുന്നത് ഇവിടെയാണ്.

**ദൈവമാതാവും വിശുദ്ധന്മാരും**

സഹോദരി സഭകളുടെ സ്വാധീനം കൊണ്ടാകണം ദൈവമാതാവിനെ സംബന്ധിച്ച് അബദ്ധജഡിലമായ ചില വിശ്വാസങ്ങൾ ഇന്ന് മലങ്കര സഭയിൽ ഉടലെടുത്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അവൾ അമലോൽഭവയായിരുന്നു എന്നത്. "അമലോൽഭവ" എന്നാൽ പാപം കൂടാതെ ജനിച്ചവൾ എന്നാണ് അർത്ഥം. "കർത്താവായ യേശുക്രിസ്തു അല്ലാതെ പാപം കൂടാതെ ജനിച്ചവർ ആരുമില്ല" എന്ന് സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം പഠിപ്പിക്കുമ്പോൾ ഈ അബദ്ധം സഹജഗുണം കൊണ്ട് സിദ്ധിച്ചതാകാനേ തരമുള്ളൂ. നിർഭാഗ്യവശാൽ "എട്ടുനോമ്പ്" ആചരണം ഈ വിശ്വാസത്തിന് ആക്കം കൂട്ടുകയും ചെയ്തു. മദ്ധ്യസ്ഥ പ്രാർത്ഥനയുടെ വിപണി മൂല്യം മനസ്സിലാക്കിക്കൊണ്ട് തന്നെ വി. കുർബാന യുടെ ഭാഗമല്ലാതിരുന്ന ഒന്നിനെ ആരാധനയുടെ ഭാഗമാക്കുകയും, ഇന്ന് അത് അവിഭാജ്യമായ ഒന്നാക്കി തീർക്കുകയും ചെയ്തതിന്റെ വ്യാപ്തി വളരെ വലുതാണ്.

ദൈവമാതാവ് മരിച്ചില്ല, മറിച്ച് ജീവനോടെ എടുക്കപ്പെട്ടു എന്ന് വിശ്വസിക്കുന്ന ഒരു സമൂഹം മലങ്കരസഭയിൽ ഉണ്ട് എന്നത് ഭീതിയോടെ കാണേണ്ടുന്ന വസ്തുതയാണ്. അതിനാൽ തന്നെ അർത്ഥം നോക്കതെ "സഹരക്ഷകയായ മാതാവേ..." എന്ന് മദ്ധ്യസ്ഥ പ്രാർഥന നടത്തുന്നവരും ഈ സഭയിൽ ഉണ്ട്. മാതാവിന്റെ കിരീടധാരണം എന്ന അന്യാശയം ദൈവാലയത്തിൽ വരച്ചു വച്ച ചിത്രങ്ങളിലൂടെ ഇന്ന് സഭ പഠിപ്പിക്കുകയും, ജ്ഞാനവൃദ്ധരായ ചില പിതാക്കന്മാർ എഴുതി പഠിപ്പിക്കുകയും ചെയ്തതോടെ ഇന്നൊരു വിശ്വാസസത്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ദൈവമാതാവിനെ "സൂനോറോ മാതാവ്" എന്ന് മാറ്റിവിളിക്കുന്നവരും കുറവല്ല.

കർത്താവിന്റെ ദിവസവും, മാറാനായ ദിവസങ്ങളും ആചരിക്കുന്നതിനേക്കാൾ പ്രാധാന്യത്തോടെ വിശുദ്ധരുടെ പെരുന്നാളുകൾ നടത്തുന്ന രീതിയും ഇന്ന് സാധാരണമാണ്. "നിയോഗവിശുദ്ധർ" എന്ന സങ്കല്പം സത്യസുറിയാനി സഭയ്ക്ക് ഇല്ല എന്ന് അറിഞ്ഞുകൊണ്ടു തന്നെ ആ അന്യസങ്കല്പത്തെ പ്രോൽസാഹിപ്പിക്കുന്ന



ആളുകളും ഇവിടെ സജീവമാണ്. സുറിയാനി പാരമ്പര്യത്തിൽ ഓർമ്മപ്പെരുന്നാൾ ആചരിക്കേണ്ടാത്തവരുടെ ഓർമ്മ പോലും എക്യുമിനിസത്തിന്റെ പറ്റിൽ ഇന്ന് ആഘോഷിക്കപ്പെടുന്നു. ചിലരെങ്കിലും ഇതിന് പറയുന്ന ന്യായീകരണം "ആടുകളുടെ കൊഴിഞ്ഞുപോക്കാണ്". വിശ്വാസത്തിൽ വെള്ളം ചേർത്ത് ആടുകളെ പിടിച്ചു നിർത്തുന്നതിനേക്കാൾ നല്ലത് ആ ആടുകളെ അന്ധവിശ്വാസം പഠിപ്പിക്കാതിരിക്കുന്നതല്ലേ?

**വിഗ്രഹങ്ങൾ നിർമ്മിക്കപ്പെടുമ്പോൾ**

മലങ്കരയിൽ സംഭവിച്ച നവീകരണ പരിശ്രമങ്ങൾക്ക് വ്യക്തവും ദൃശ്യവുമായ ഒരു പ്രതിപ്രവർത്തനം സംഭവിച്ചില്ല എന്നത് ഇന്നലകളിലെ പരാജയമാകാം. എന്നാൽ ആ തലമുറ അതിനെ പ്രായോഗികമായി നേരിട്ടു. അന്ന് പൊളിക്കപ്പെട്ട ഒരു സ്മാരകകബറും പുനർനിർമ്മിക്കപ്പെട്ടില്ല; ആരാധന പോലും സാധാരണക്കാരന്റെ ഭാഷയിലായി; വി. കുർബാനാനന്തരം പുരോഹിതർ വചന ശുശ്രൂഷ നിർവ്വഹിച്ചു. പതുക്കെ നവീകരണത്തിന്റെ ആത്മചോദനയെ "സത്യ വിശ്വാസത്തിന്റെ തലത്തിൽ' ആവാഹിച്ച് വിജയം വരിച്ചു. ഒപ്പം "സ്തുതി ചൊവ്വാക്കപ്പെട്ട" വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചതുമില്ല. എന്നാൽ ആ പരിശ്രമങ്ങൾക്ക് ഇന്ന് അപചയം സംഭവിക്കുമ്പോൾ ഉറക്കം നടിക്കാൻ കഴിയുമോ?

**പരിശിഷ്ടം**


ക്ഷാമം കൊണ്ട് പൊറുതി മുട്ടിയ ജനം പട്ടിണിമൂലം യെരുശലേമിന്റെ പാത്രിയർക്കീസിന്റെ ദയറായിലേക്ക് ചെന്നു. തന്റെ പിതൃസ്വത്തുപോലും വിറ്റ് അവരെ സഹായിച്ച ആ വൃദ്ധതാപസ്സന് വില്ക്കാൻ ഇനിയൊന്നും ശേഷിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ നിധിപ്പുരയിലേക്ക് നീളുന്നത് കണ്ടപ്പോൾ വിശ്വാസസംരക്ഷകർക്ക് അപകടം മണത്തു. അവർ പറഞ്ഞു, "അത് കർത്താവിന്റെ തിരുശരീരങ്ങൾ എടുക്കുന്ന രത്നങ്ങൾ പതിച്ച സ്വർണ്ണചഷകങ്ങളാണ്. അവ തൊടാൻ പാടില്ല". വൃദ്ധതാപസൻ പതുക്കെ എഴുന്നേറ്റ് അവ കൈകളിൽ എടുത്തു. പിന്നീട് അവരോട് പറഞ്ഞു, "തച്ചനായ എന്റെ കർത്താവിന്റെ തിരുശരീരങ്ങൾ എടുക്കാൻ എന്തിനാണ് ഈ സ്വർണ്ണവും വെള്ളിയും? വിശക്കുന്നവന്റെ മുന്നിൽ അപ്പമായിതീരാൻ ഈ ലോഹങ്ങൾക്ക് സാധ്യമല്ലാത്തിടത്തോളം അവ വിഗ്രഹങ്ങളാണ്'. അവർ അത് വിറ്റു, അത് അനേകർക്ക് അന്നവും ജീവനുമായി. ആ ജ്ഞാനവൃദ്ധനെ ലോകം "വിശുദ്ധനായ കുറീലോസ്" എന്ന് വിളിച്ചു.

"നിന്റെ പിതാക്കന്മാർ പണ്ടു മുതൽക്കേ നിശ്ചയിച്ചിട്ടുള്ള അതിര് നീ മാറ്റരുത്" (സദൃശ്യം 22:27)

1 Dennis T. Olson, Numbers – Interpretation, A Bible Commentary for Teaching and Preaching (Louisville: John Knox Press, 1996), 136.

2 Thomas Nelson, The Chronological Study Bible (Nashville: Thomas Nelson Inc., 2008), 172.

3 Thomas Nelson, The Chronological Study Bible (Nashville: Thomas Nelson Inc., 2008), 172.



# തെക്കേത്തൊടിയിൽ ഇത്തിരി നേരം



Robin Babu

കാട്ടിലച്ചാർത്തിലൊളിച്ചുകളിക്കുന്ന
പൈങ്കിളിയിണകളേ ചോദിപ്പൂ ഞാൻ... നിങ്ങൾ
കാലത്തിൻ പാച്ചിലിൽ മാഞ്ഞു പോയൊരെൻ
സ്നേഹനിധികളാം പിതൃക്കളാണോ

കാടിന്നിരുളിലേക്കൊളിഞ്ഞു നോക്കു
ന്നാദിത്യ രശ്മികൾ തീർക്കുന്നോരോ
ചാരുരൂപങ്ങൾ മന്ദസ്മിതങ്ങളായ്
കൽപിച്ചു മറുചിരി തൂകി ഞാനും

പാലപ്പൂ മണമുള്ള മാരുതനെപ്പോഴോ
ചുമലിൽ തഴുകിക്കടന്നുപോയി
കാലങ്ങൾ മുൻപെന്റെ മുടിയിഴകൾ തഴുകിയ
വിറയാർന്ന വിരലുകളെ ഓർത്തു നിൽക്കെ

ഇണ തേടും കുയിലിന്റെ പാട്ടിന്റെ ശീലുകൾ
തിരയടിച്ചെൻ കാതിൽ വന്നലച്ചു
നനുത്ത പ്രഭാതങ്ങളിലെന്നെ ഉണർത്തിയ
"മോനേ ഉണരൂ നീ" വിളികൾ പോലെ

മഞ്ഞു കൊണ്ടീറനണിഞ്ഞു നിൽക്കുന്നതാം
തുളസിയെ തഴുകിയെൻ കൈവിരൽകൾ
ഗന്ധിച്ചു നോക്കി... സന്ദേഹിച്ചു തുളസിക്കു
ധന്വന്തരത്തിന്റെ ഗന്ധമാണോ

തളരുന്നെൻ പാദങ്ങൾ.... വീഴുവാനാഞ്ഞു ഞാൻ
എത്തിപ്പിടിച്ചു ഞാൻ വീഴാതെ
ചാഞ്ഞു കിടന്ന മാങ്കൊമ്പിലൊന്നിൽ ഞാൻ
പിച്ചവയ്ക്കുമ്പോൾ പിടിച്ച പോലെ

തീരുമൊരുനാളീ ലാളന എന്നറിഞ്ഞിട്ടും
ഇത്ര വേഗമെന്നു നിനച്ചില്ല ഞാൻ
ഈറനാൽ മങ്ങിയ കാഴ്ചകൾ മൂടിയീ
പൗത്രനോതുന്നു നിങ്ങൾക്കാത്മശാന്തി

**1. ഭാഗ്യ നിർഭാഗ്യങ്ങൾ**
സകലതിനും പൊരുളാകുമീശ്വരനിൽ സമർപ്പിതമാം
അധ്വാനമൊന്നുമാത്രം
ഫലദായകമുലകിലെങ്കിൽ
ചിന്തിക്കുക മൂഢരാം മർത്യജന്മങ്ങളേ.....
"നയിക്കേണമോ നമ്മെയിനി ഭാഗ്യനിർഭാഗ്യങ്ങൾ?"

**2. പ്രിയ സുഹൃത്തിനു നന്ദിപൂർവ്വം**
ദിശയറിയാതെ ഞാൻ ഇരുളിലാകുമ്പോഴും
ഒരു നേർത്ത തിരിനാളമെങ്കിലുമാകുന്നു
നിൻ സാമീപ്യമെൻ മിഴികൾക്കാശ്വാസമായ്...
ഇല്ല.. വാക്കുകളില്ല... നന്ദിയേകാനെൻ തോഴാ...


**3. ഒരു പ്രവേശനോത്സവത്തിൽ**
ഈ മിഴിനീർപ്പൂക്കളെന്തിനെൻ കുരുന്നെ...
ആകുന്നുവോ ഇവ നിൻ പ്രഥമ പുഷ്പാഞ്ജലി
അഖിലാണ്ഡം വാഴും ജ്ഞാനദാതാവിൻ
പരമ പാവന പാദാരവിന്ദങ്ങളിൽ

**4. ചേരാചമയങ്ങൾ**
വേഷമെന്തെന്നറിയാതെ കെട്ടി ഞാനീ ചമയം
ചേരുകയില്ലെനിക്കെന്നു അറിയുന്നതിപ്പോൾ
ആടാതെ തരമില്ലെനിക്കിനിയീ വേഷം
ആടിത്തകർക്കുകതന്നെയീക്കളത്തിൽ

**5. വേഴാമ്പലുകൾ**
തുടരുന്നു... തുടരുന്നു... കാത്തിരിപ്പീ‌ഞങ്ങൾ
എത്രനാളെത്രനാളിനിയുമെന്നറിയാതെ...
പെയ്തിറങ്ങീടുമൊരുനാളീ മേഘങ്ങൾ
അമൃതമായ് ഞങ്ങൾക്ക് ദാഹമകറ്റുവാൻ

**6. ഉറപ്പ്**
തുണയിരിക്കും ഞാൻ നിദ്രാവിഹീനനായ്
ഇനിയീരാവു പുലരുവോളം സഖീ...
എൻ മടിയിൽ നീ തലചായ്ച്ചുറങ്ങുമ്പോൾ
ഇരുളിൻ ദുസ്സ്വപ്നങ്ങൾ നിന്നെയലട്ടാതെ





Alphons Shaji




Diya James

# Sing & Praise



Anjusha Mathew

I cry out to you
To help me get through
You hear my cries
And help me to rise

Looking up to you
In every tomorrow
My grief is turned by you

Sing praise to the lord
All his faithful people!
Remember what he has done
For all his people!

His anger lasts only a moment
But his goodness for a lifetime
Tears may fall in the night
But joy comes next

You know the good for me
You took out for me
But all I do to you
Is hurt you
You died for me
You prayed for me
Even on the cross
So can I live?

Sing praise to the lord
All his faithful people!
Remember what he has done
For all his people

His anger lasts only a moment
But his goodness for a lifetime
Tears may fall in the night
But joy comes next

I cried to you
And you healed me
I was on my way
To the depths below
You kept me from the grave
And restored me
I have no words to say
I have nothing to say then
Sing praise to the lord
All his faithful people!
Remember what he has done
For all his people

His anger lasts only a moment
But his goodness for a lifetime
Tears may fall in the night
But joy comes next



# കടലിന് മീതെ നടന്നവനേ



Joshy P John

കടലിന് മീതെ നടന്നവനേ
കരുണയോടെന്നെ കാക്കണമേ
നിൻ കരങ്ങളിൽ എന്നെ കരുതണമേ

കുരുടന് കാഴ്ച കൊടുത്തവനേ
കുറവുകളെല്ലാം നിക്കേണമേ
എൻ കറകളെല്ലാം കഴുകേണമേ

പരിശുദ്ധ ബലിയായ് തീർന്നവനേ
പാപിയാം എന്നിൽ നീ കനിയേണമേ
എൻ പ്രാർത്ഥന നിന്നിൽ പതിയേണമേ

യേശുമതിയെനിക്കേശുമതി
ലോകാന്ത്യത്തോളവും യേശുമതി

# പാവന സ്മരണയ്ക്ക്



**M. C. Thomas**
Nerianthara, Aymanam, Kottayam
Date of demise : 16-08-2003







Basil Philip



# Quality Work Is Its Own Reward

Com. Thomas Alexander

I am grateful for this opportunity to share a few thoughts with you. I have been blessed with a wide variety of experiences in this life.

One of my greatest blessings has been that I have never had a salaried job! That might sound very strange! We live in a world where people consider a safe secure job right out of college as a great boon. But not landing on a job comfortably after college helped changed my mindset. Instead of being a job seeker, I could become a job creator.

I graduated with an engineering degree from the prestigious Ramaiah College back in 1984. There were not as many opportunities and stress on entrepreneurship back then as today. So it was novel for me to decide to have my own venture; be my own boss. But choosing that less travelled path has made all the difference in my life. Today I strongly advise students at our Trinity College of engineering whenever I meet them to strive to be job creators.

When our company was formed in Muscat, it was a challenge. We had very humble beginnings with a single employee. Our first projects were small and started with RO 16/-. However, it was work that I thoroughly enjoyed. Since I was working for myself, it was my own vision that was being accomplished.

There were plenty of setbacks and disappointments. But they were looked at as opportunities. Not all deals work out. Not everyone will deliver as we expect. There have been situations where I had to change my business dress and do masonry because a worker did not show up. It was no hassle because I have always had respect for all workers. Every crisis is a learning opportunity. I have been refused credit and shown the exit door from shops. But those same shopkeepers later would come to my office for contracts. There are no failures, only challenges that prepare us to be better tomorrow. It is our attitude that shapes the ultimate outcome of an event as a success or loss.

Just as important as having a great dream or vision, is its systematic implementation. This demands a lot of discipline from the entrepreneur. Only from careful, detailed planning, we will be able to scale heights step by step. I have always been an early riser. Even today, I begin my planning work before 5am. We can do a lot of hard work in life, but without proper planning and scheduling it is not smart work. Good results come from goal oriented smart work. When our company was asked to complete one of the prestigious projects within 120 days, we took it up as a challenge. Proper planning, teamwork and execution ensured that we delivered the project before the deadline with the highest quality. That established our company as a reliable top tier firm.




It is only our deep love for the work that can prompt us to wake up every morning and get to it. Such love can come only from deeply learning and being attentive to the work. That again takes discipline. Lot of youngsters talk about finding their passion and working on it. But I think it is the other way round. Our passion grows with how much we familiarize with a field of work. If all we do is watch TV and play games, then we will have the illusion that we are passionate about those things. When we approach a profession with an open mind and work on it with discipline, it will soon become a passion.

And our subsequent growth will be dependent on how much value we can add to the society. Better projects will be come to us only if we consistently deliver high quality. Society will not reward low quality work for long. People need to trust us and see our quality of work for them to give us their business. We must be able to feel proud of taking ownership of everything we do. Business is ultimately about fulfilling someone else's need. We can create wealth only through such trust.

My greatest joy comes from visiting some of our oldest projects that continue to stand testament to the good work done decades ago. Every time I look out of the window of a flight nearing Muscat airport, I am thankful and happy to see several landmark buildings that Al Adrak has developed. It is only such a strong focus on quality that can bring us long lasting success. Short term focus on the rewards of money or recognition, does not build a strong foundation. Success should be something that comes to us because of our high quality, not something that we chase after.

We must also realize that there are no rewards without sacrifices. Sacrifice is a better word than risk. But they define similar concepts. Risk brings up images of danger. Sacrifice is a spiritual, positive concept. Instead of looking at a bold business move or a new venture as a risk, consider it as a sacrifice. We are sacrificing our short term comfort or security for a much bigger, better future goal.

When we choose to lead, we sacrifice our small safety net and comfort zone to provide better quality of life for our team. The team should always be our primary focus. Team can mean the people who work with us, the people we work for and the people who depend on us. It is in the service of others, be it family, church, community, workplace or society, that we can create a truly purposeful life. The improvement of their lives alone provides the real, divine meaning for our humble efforts.



# തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു

- Fr. Anish PJ
Vicar - St. George Church
Sohar



സ്നേഹവും ഭയവും ഈ രണ്ട് വ്യത്യസ്ഥ ധ്രുവങ്ങളിൽ നിൽക്കുന്നവയാണ്. സ്നേഹം ഉള്ളയിടത്ത് ഭയത്തിന് സ്ഥാനമില്ല. ഒരിക്കൽ ഒരു വലിയ വെള്ളച്ചാട്ടത്തിന് മുകളിലൂടെ വലിച്ചുകെട്ടിയ കയറിലൂടെ ഒരു മനുഷ്യൻ പ്രകടനങ്ങൾ നടത്തുകയായിരുന്നു. ഇതിനിടയിൽ കാണികളിൽ ഒരാൾ അദ്ദേഹത്തോട് ചോദിച്ചു "താങ്കൾക്ക് ഒരാളെ തോളിൽ കയറ്റി ആ കയറിന് മുകളിലൂടെ നടക്കാൻ സാധിക്കുമോ?" "തീർച്ചയായും" എന്ന് അദ്ദേഹം ഉത്തരം പറഞ്ഞു. 'എന്നാൽ വരൂ, നിങ്ങളേയും കൊണ്ട് ഞാൻ ഇതിലൂടെ നടക്കാം' എന്ന് അഭ്യാസി പറഞ്ഞതിന് ഞാനില്ല എന്നായിരുന്നു അയാളുടെ മറുപടി. അടുത്തതായി ആ അഭ്യാസി അവിടെ കൂടി നിന്നവരുടെ ഇടയിൽ നിന്ന് ഒരു കുട്ടിയെ വിളിച്ചു. ഒരു മടിയും കൂടാതെ അവൻ മുന്നോട്ട് കടന്നുവന്ന് ആ അഭ്യാസിയുടെ കൂടെ കയറിലൂടെ നടന്ന് അഭ്യാസം പൂർത്തിയാക്കി. ആ കുട്ടിയുടെ ധൈര്യം കണ്ട് കൂടിനിന്ന ജനമെല്ലാം അമ്പരന്നു. പിന്നീട് അവർക്ക് മനസ്സിലായി ആ കുട്ടി അദ്ദേഹത്തിന്റെ മകനായിരുന്നു എന്ന്. തന്റെ പിതാവിനോടുള്ള "തികഞ്ഞ സ്നേഹമാണ്" ആ കുട്ടിയെ ഭയമില്ലാതെ ഈ സാഹസത്തിന് മുതിരുവാൻ പ്രേരിപ്പിച്ചത്.

മനുഷ്യന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വാക്കാണ് ഭയം. ഇന്ന് ഈ ആധുനിക ലോകത്തിൽ ജീവിക്കുമ്പോൾ വളരെയധികം ആശങ്കയാണ് മനുഷ്യന്. ഓരോ പ്രഭാതത്തിലും മനുഷ്യന്റെ ചിന്ത എന്ന് പറയുന്നത് എങ്ങനെ ഇനി മുന്നോട്ട് ജീവിക്കും, എനിക്ക് അതിന് സാധിക്കുമോ? ഇങ്ങനെയുള്ള സകല ആശങ്കകൾക്കും കാരണം എന്ന് പറയുന്നത് മനുഷ്യൻ തന്റെ ജീവിതത്തിൽ ചെയ്തുപോകുന്ന തെറ്റുകളാണ്. ഈ ലോകത്തിൽ ആദ്യമായി ഭയം കടന്നുവരുന്നതും തെറ്റ് ചെയ്തതിന്റെ ഫലമായിട്ടാണ്. ആദിമ മനുഷ്യൻ ദൈവത്തിന്റെ കൂടെ നടന്ന് എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ച് ജീവിക്കുന്നതിനിടയിൽ പാപത്തിലേക്ക് വഴുതിവീണപ്പോൾ ദൈവസ്നേഹം നഷ്ടമാക്കി കളഞ്ഞു. ഇങ്ങനെ പാപത്തിന്റെ ഫലമായി ഭയം ഉണ്ടായതിന് പല ഉദാഹരണങ്ങളും നമുക്ക് വേദപുസ്തകത്തിൽ കാണുവാൻ സാധിക്കും. കർത്താവിന്റെ പ്രഥമ ശിഷ്യന്മാരിൽ ഒരാളായിരുന്ന പത്രോസ് ഭയത്തിന് അടിമപ്പെട്ട ഒരു വ്യക്തിയായിരുന്നു. കടലിന്മേൽ നടന്നപ്പോൾ കർത്താവ് കൂടെ ഉണ്ടായിരുന്നിട്ടും മുങ്ങിത്താഴാൻ ഇടയായതും, യേശുവിനെ മൂന്നുപ്രാവശ്യം തള്ളി പറഞ്ഞതും ഭയം മൂലമായിരുന്നു. ഈ പത്രോസിനെ തന്നെ കർത്താവ് ഉയർത്തെഴുന്നേറ്റതിന് ശേഷം നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് മൂന്നുപ്രാവശ്യം ചോദിച്ചു സ്നേഹത്തിൽ ഉറപ്പിച്ചതായിട്ട് നമ്മൾ മനസ്സിലാക്കുന്നു. അങ്ങനെ പത്രോസ് ശക്തനായ അപ്പോസ്തലനും സഭയെ പണിയുവാനുള്ള പാറയും ആയിത്തീർന്നു.

തികഞ്ഞ സ്നേഹം അഥവാ, perfect love എന്നാൽ യാതൊരു വ്യവസ്ഥകളും ഇല്ലാത്ത സ്നേഹം എന്നാണ്. ഈ സ്നേഹമാണ് കർത്താവ് നമ്മളോട് കാണിച്ചത്. തികഞ്ഞ സ്നേഹത്തിന് മാത്രമേ ഭയത്തെ പുറത്താക്കുവാൻ സാധിക്കുകയുള്ളൂ എന്ന് യോഹ 4:18 ൽ നാം കാണുന്നു. പക്ഷേ ഇന്ന് മനുഷ്യൻ ദൈവത്തെ സ്നേഹിക്കുവാനും തമ്മിൽ സ്നേഹിക്കുവാനും വ്യവസ്ഥകൾ വെക്കുന്നവനായി മാറി എന്നുള്ളത് ഏറെ ചിന്തിക്കേണ്ട കാര്യമാണ്. മനുഷ്യൻ തമ്മിൽ വ്യവസ്ഥകളില്ലാതെ സ്നേഹിച്ചു എങ്കിൽ മാത്രമേ ദൈവത്തെ സ്നേഹിക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങനെ ഭയത്തെ ഇല്ലാതാക്കുവാൻ ദൈവസ്നേഹം കൊണ്ട് സാധിക്കും. ദൈവത്തിന് നമ്മോട് എത്രമാത്രം സ്നേഹം ഉണ്ടെങ്കിലും, നമുക്ക് ദൈവത്തോട് പൂർണ്ണ സ്നേഹം ഉണ്ടെങ്കിൽ മാത്രമേ പാപമെന്ന ഭയത്തെ പുറത്താക്കുവാൻ സാധിക്കുകയുള്ളൂ.

കഷ്ടതകളുടേയും വീഴ്ചകളുടേയും രോഗത്തിന്റേയും നടുവിൽ വിശ്വാസിയായ മനുഷ്യൻ ദൈവത്തെ നോക്കി ചോദിക്കും, എന്റെ കാര്യത്തിൽ മാത്രം നിനക്കൊന്നും ചെയ്യാനില്ലേ? ദൈവത്തിന്റെ നിശബ്ദത ചിലർക്ക് സഹിക്കാവുന്നതിലും അപ്പുറമാണ്. അങ്ങനെ പലരും ദൈവവിശ്വാസത്തിൽ നിന്നും മാറി എന്നുവരാം. പക്ഷേ ഇങ്ങനെയുള്ള സഹനങ്ങൾ മനുഷ്യനിൽ സൃഷ്ടിക്കുക ഭയമാണ്. ഉയർന്നുവരുന്ന തിരമാലകൾ മനുഷ്യനിൽ ഭയം സൃഷ്ടിക്കുമെങ്കിൽ അൽപനേരത്തെ കാത്തിരിപ്പിനു ശേഷം തിരമാലകൾ ശാന്തമാകുന്നതു പോലെ നമ്മുടെ ജിവിതത്തിലും നാം ശാന്തരായി ദൈവസ്നേഹത്തിന് കാതോർത്തിരിക്കുമ്പോൾ എല്ലാ സഹനങ്ങളും അവൻ ഏറ്റെടുക്കും. ഏത് പ്രതിസന്ധികളേയും ധൈര്യത്തോടെ നേരിടുവാൻ വചനം നമ്മെ ശക്തീകരിക്കും. 1കൊരിന്ത്യർ 2:9ൽ പറയുന്നതുപോലെ ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണുകണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടുമില്ല. ദൈവത്തെ സ്നേഹിക്കുന്നവർക്ക് ലഭിക്കുന്ന സൗഭാഗ്യങ്ങൾ ഇപ്രകാരമാണെങ്കിൽ പിന്നെ നമ്മുടെ ജീവിതത്തിൽ ഭയത്തിന് സ്ഥാനമുണ്ടോ? സ്നേഹത്തിൽനിന്ന് വിശ്വാസവും വിശ്വാസത്തിൽനിന്ന് ധൈര്യവും ഉണ്ടാകുന്നു. ആയതുകൊണ്ട് നമുക്ക് ദൈവത്തിൽ ആശ്രയം വെച്ചു സകല ഭയത്തെയും പുറത്താക്കുന്ന ദൈവസ്നേഹത്തിൽ മുമ്പോട്ട് ജീവിക്കാൻ ഇടയാകട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ!








FAMILY
GET-TOGETHER




















JESUS








Aster





# വി.മാമോദീസ

Dn. K.M. Sunny

ഒരു വ്യക്തി പരിശുദ്ധ സഭയുടെ അംഗമാകുന്നത് മാമോദീസ എന്ന കൂദാശയിലൂടെയാണ്. യഹൂദ പാരമ്പര്യത്തിൽനിന്നും ക്രൈസ്തവ സഭ ഏറ്റെടുത്തതും നമ്മുടെ കർത്താവ് തന്റെ അപ്പോസ്തോലന്മാരാൽ സ്ഥാപിതുമാണ് വി.മാമോദീസ എന്ന കൂദാശ. പുറജാതികൾ യഹൂദപാരമ്പര്യത്തിൽ ശുദ്ധീകരണം പ്രാപിക്കുവാൻ സ്നാനപ്പെട്ടിരുന്നു എന്ന് ലേവ്യ പുസ്തകത്തിൽ കാണുന്നു. ആ പാരമ്പര്യത്തിലുള്ള സ്നാപകയോഹന്നാൻ യേശുക്രിസ്തുവിനെ സ്നാനം കഴിപ്പിച്ചു എന്ന് വി.വേദപുസ്തകം പ്രതിപാദിക്കുന്നു. യോഹന്നാന്റെ സ്നാനം മാനസാന്തരത്തിന്റെ സ്നാനം ആയിരുന്നു. കർത്താവ് താൻ വിഭാവനം ചെയ്തതും അപ്പോസ്തലന്മാരാൽ ഭാരമേൽപ്പിക്കപ്പെട്ടതുമായ മാമോദീസയിൽ നാം ദൈവരാജ്യം അംഗീകരിക്കുകയും നിത്യജീവന് അവകാശികളുമായിത്തീരുന്നു... ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാതാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ച് സകല ജാതികളേയും എന്റെ ശിഷ്യരാക്കിക്കൊള്ളുവിൻ എന്ന് മത്തായിയുടെ സുവിശേഷം 28–ാം അദ്ധ്യായം 19–20 വാക്യത്തിൽ നാം വായിക്കുന്നു. വി.മാമോദീസയിലൂടെ ഒരുവന് ലഭിക്കുന്ന നൽവരങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

**1. ക്രിസ്തുവിനോടും സഭയോടും ഐക്യപ്പെടുന്നു.**

മാമോദീസയിലൂടെ ഒരുവൻ ക്രിസ്തു എന്ന സഭയുടെ ഭാഗമായിത്തീരുകയും ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളിൽ പങ്കുപറ്റാൻ യോഗ്യരായിത്തീരുകയും ചെയ്യുന്നു. സഭ ഒരു മാതാവിനെപ്പോലെ തന്റെ ഉദരമാകുന്ന മാമോദീസ തൊട്ടിയിലൂടെ വീണ്ടും ജനിപ്പിച്ച് ക്രിസ്തുവിനോടും അവന്റെ ശരീരമാകുന്ന സഭയോടും ഐക്യപ്പെടുത്തുന്നു. മാമോദീസയിലൂടെ സഭാംഗമായ ശിശുവിനെ ക്രിസ്തു എന്ന തലയോളം വളർത്തുക എന്നത് മാതാപിതാക്കളുടെയും, തലതൊടുന്ന വ്യക്തിയുടേയും സഭയാകുന്ന മാതാവിന്റേയും ഉത്തരവാദിത്വമാണ്.

**2. ശുദ്ധീകരണവും പാപമോചനവും ലഭിക്കുന്നു**

ആദിമ മാതാപിതാക്കൾ ചെയ്ത പാപം, ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങളിലും ഉണ്ടെന്നും മാമോദീസയിലൂടെ ഈ പാപം കഴുകി ശുദ്ധീകരിക്കുന്നു എന്നും പിശാചിന്റെ ബന്ധനത്തിൽനിന്നും മനുഷ്യനെ മാമോദീസ വഴി മോചിപ്പിച്ച് ദൈവമക്കളാക്കുന്നു എന്നും നാം വിശ്വസിക്കുന്നു. സങ്കീർത്തനക്കാരായ ദാവീദ് പറയുന്നു "ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി. പാപത്തിൽ എന്റെ അമ്മയെന്നെ ഗർഭം ധരിച്ചു' (സങ്കീ 51:5). ദാവീദിന് പശ്ചാത്താപമുായപ്പോൾ താൻ അമ്മയുടെ ഗർഭം മുതൽ തന്നെ പാപിയാണെന്ന ബോധ്യം ഉണ്ടായി.

മാമോദീസ ഒരു ശുദ്ധീകരണ കർമ്മമാണ്. ശുദ്ധീകരണ കർമ്മത്തിൽ ജലത്തിന് പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. പഴയനിയമകാലത്ത് ശുദ്ധീകരണത്തിന് അഭിഷേക തൈലവും ജലവും ഉപയോഗിച്ചിരുന്നതായി കാണുന്നു. മാമോദീസയിലൂടെ ഒരു വ്യക്തിക്ക് പാപമോചനവും ലഭിക്കുന്നു. "നിങ്ങൾ മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്ന് അപ്പോസ്താല പ്രവർത്തികൾ 2–ാം അദ്ധ്യായം 28–ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു.ജനനം മുതലേതന്നെ തിന്മയിലേക്ക് ചാഞ്ഞിരിക്കുന്ന മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന കൂദാശയാണ് വി.മാമോദീസ.

**3. വീണ്ടും ജനനം പ്രാപിച്ച് രക്ഷയുടെ അനുഭവത്തിലേക്ക് പ്രവേശിക്കുന്നു.**

ഒരുവൻ പുതുതായി ജനിക്കുന്നില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ കഴിയുകയില്ല എന്ന് യോഹന്നാൻ 3:3ൽ പറയുന്നു. പുതുതായി എന്ന് പറയുന്നത് ആത്മാവിലുള്ള ജനനത്തെയാണ് സൂചിപ്പിക്കുന്നത്. മാമോദീസ എന്ന കൂദാശയിലൂടെ ഒരു വ്യക്തി ജഡിക തലത്തിൽനിന്ന് ദൈവിക തലത്തിലേക്ക് മാറ്റപ്പെട്ട് ഒരു പുതിയ സൃഷ്ടിയായി രക്ഷയുടെ അനുഭവത്തിലേക്ക് പ്രവേശിക്കുന്നു.

**4. പാപത്തിൽ മരിച്ച് ജീവന്റെ പുതുക്കത്തിൽ പ്രവേശിക്കുന്നു.**

മാമോദീസ എന്ന കൂദാശ സ്വീകരിക്കുമ്പോളൊരു വ്യക്തിയിലെ പാപ പങ്കിലമായ പഴയ മനുഷ്യൻ മരിച്ച് അടക്കപ്പെടുകയും ഒരു പുതിയ സൃഷ്ടിയായി, ഉയർത്തെഴുന്നേറ്റ കർത്താവുമായി പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു.


**5. കർത്താവിന്റെ കഷ്ടാനുഭവത്തോടും കുരിശുമരണത്തോടും താദാത്മ്യപ്പെടും**

യേശുക്രിസ്തുവിനെ യഥാർത്ഥമായി പിൻപറ്റുന്നവർക്ക് തന്റെ രക്ഷാകരമായ കുരിശിന്റെ ഭാഗഭാഗിത്വം കൂടെ ലഭിക്കും. മാർക്കോസ് 10:38ൽ യേശുക്രിസ്തു സെബദിപുത്രന്മാരോട് ഞാൻ കുടിക്കുന്ന പാനപാത്രം കുടിക്കാനോ, ഞാൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കാനോ നിങ്ങൾക്ക് കഴിയുമോ എന്ന് ചോദിക്കുന്നു. ഇവിടെ അവൻ ഉദ്ദേശിക്കുന്ന സ്നാനം കുരിശുമരണമാണ്.


യേശുക്രിസ്തുവിനോടൊത്തുള്ള സംസ്ക്കാരമാണ് സ്നാനം. മാമോദീസയിലൂടെ അവന്റെ ശരീരമായിത്തീർന്ന നാം നമ്മുടെ ശിരസ്സായ കർത്താവ് സ്വീകരിച്ച അതേ സ്നാനം സ്വീകരിക്കാൻ തയ്യറാകണം.

**6. പരിശുദ്ധ ആത്മദാനവും പുതൃത്വവും ലഭികുന്നു.**

മാമോദീസയിലൂടെപരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതോടൊപ്പം പുതൃത്വവും ലഭിക്കുന്നു. ദൈവമക്കളായിത്തീരുവാനുള്ള വലിയ അവകാശമാണ് ഇതിലൂടെ ലഭിക്കുന്നത്. "പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ, പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങൾക്ക് ലഭിക്കും' എന്ന് അപ്പോസ്തോല പ്രവൃത്തികൾ 2:38 ൽ പറഞ്ഞിരിക്കുന്നു. 19–ാം അദ്ധ്യായത്തിൽ സ്നാനം സ്വീകരിച്ചവർക്ക് ശ്ലീഹമാർ കൈവയ്പ്പിലൂടെ പരിശുദ്ധാത്മാവിനെ നൽകിയതായി കാണുന്നു. മക്കളായി നാം മാറുമ്പോൾ നാം അവന്റെ അവകാശികൾ ആകുന്നു. അതിനാൽ സുറിയാനി സഭയിൽ വി.മാമോദീസ നൽകിയതിന് ശേഷം മാത്രമേ മറ്റ് കൂദാശകൾ നൽകാറുള്ളൂ.



# CAN THESE BONES LIVE?

Rev. Titus Thomas, Vicar
St. Paul's Mar Thoma Church, Ghala.

It gives me great joy to know that Morth Smooni Jacobite Syrian Orthodox Church Ghala, Muscat, is publishing a magazine called "Sahar" twice in a year. At the outset, let me sincerely congratulate all who committedly strive to make it possible especially the Vicar, committee members and the editorial board. I express my sincere thanks to all of you for giving me an opportunity to write an article in the first edition of your magazine Sahar. I also offer my earnest prayers and best wishes on behalf of St. Paul's Mar Thoma Church, Ghala, Muscat for the new venture.

God is the giver of new life. Only the spirit of God can make our life anew. We live in a world of Chaos, hopelessness and despair. Perhaps the main question of our time is, how can we regain our hope? The answer is not a worldly one – wealth, knowledge or pleasure – but rather a spiritual one- a gift of spirit of God.

Ezk 37:1-14 describes the vision of the prophet about the people of Israel- the valley of dry bones. The dry bones symbolizes the dark days when Babylonia conquered and brought thousands of its people into exile. Ezekiel was one among the exiles. Israel had lost both their national and religious hopes. God chosen people were like skeletons on the plain. After some 22 years of living with the exiles, the priest prophet Ezekiel was asking the question that many other exiles were asking; Can these bones live?

The prophet in his vision saw the coming tighter of the dry bones by the power of spirit of God. The sinews and flesh of the dry bones were once again re-animated. The coming together of the bones is a token that God has not forsaken his covenant. Israel has yet a life to live in obedience to God. God can breathe new hope into life that seems abandoned.

The prophet is at pains to point out that the bones were very dry. Nothing looks much more lifeless than dry bones. We learn the meaning of life by looking at dry places. Valley of dry bones was a picture of the people of Israel. They were the people who lost their dynamism in life. Of course they had physical existence. Many of them were very rich even though they were captives. Many of them had reconstructed a fairly comfortable life. They were adjusting quite nicely with the new surroundings. They learn how to live a foreign land. But they were not on fire with the spirit of God. They lost their relationship with Yahweh. As a result, they lost their relationship with their fellow beings. If affected their social and religious life. They lived without hope. They forgot about God, their temple and worship. So when the Lord asked Ezekiel knew to whom he was talking, he was talking to the Lord, who is the giver of life. He replied, "Sovereign Lord, only you can answer that".

Let us think about our situation today. What about our congregations and parishes? What about our families? Where would you like to see the dry bones of your parish come to life? Moral and spiritual decline has its limits. There comes a time when we must reap the folly of our ways. We are beginning to see the disintegration of enduring values in society.

Revival through the Spirit of God.

Prophet saw in his vision the coming together of dry bones. He was asked to prophesize to the dry bones to listen to the word of God. The word "revival" is related to the word "hayah" in Hebrew. It originally conveyed the idea of breathing, revival is literally "breathing the breath of God". In these words, we perceive the heart of what the Lord says: flesh, breath and life. The restoration of life happens in two stages. In the first stage, the bones come together. When Ezekiel watched, the bones were covered with sinews and muscles, and then with skin. But there was no breath in the bodies. It was only an existence with flesh but there was no life. In the second stage, breath entered the bodies and they came to life and stood up. There were enough of them to form an army.

The Hebrew word for breath is "ruah". The Greek word is "pneuma" both meant sprit. Both these words can have three possible translations- breath, wind and spirit. The pronunciation of "ruah" sounds like wind (Gen 1:2 and 2:7). Only when the breath of God entered into the body, it became a living being. Without this breath, there is no life.

This is very significant. We need the flesh (physical basis for life), we need animation from beyond our own flesh and social order (God's spirit); we need confidence and hope nourished by faith. We all have physical life; we have regular worships, church buildings, crowed but that is not enough. We need the life in the spirit. It is the spirit which can transform our lives. The real causes of all our problems are the absence of the spirit of God working among us. The result of the absence of the spirit of God is the broken relationship.

The Experience of New Life in Christ

Israel has yet a life to live in obedience to God and in fulfillment of holy purpose. Even in the devastation of the exile has not destroyed that promised life. God can breathe new hope into life that seems abandoned. God can change our individual lives as well. John 3:1-6 gives a vivid picture of Jesus conversation with Nicodemus about a birth in the spirit. Nicodemus was a prominent person in his community. He was a member of a leading religious party (a Pharisee) and of the Sanhedrin, the Supreme council of the nation. He appears three times in the John's Gospel, the other two occasions are Jn 7: 50-52 and 19: 38-39. In the chapter 7: 50-52 it is reported that he challenged the legality of judging Jesus without a trail and was rebuked. In chapter 19:38-39, it is said that he joined Joseph of Armathea, another Sanhedrin member in burying the body of Jesus. He came to Jesus at night, he did not come right out with his worries. He began the conversations with words that may have been the kind of flattery 'you must be God's person because of what you do'. But Jesus looked into his inner life. He knew that Nicodemus had come because there was something missing inspite of all his position in the society. And Jesus told him, that he needed to experience a new birth.

For us also the incentive for change may come from such an inner dissatisfaction with our lives. Our hopes may have been dashed, our relations may be troubled, the beliefs we thought were certain might seem doubtful. But God is working in our lives through these transitions whether we are aware or not. The power to change comes through the spirit. If you want to change, be born of spirit, open our lives to the mysterious blowing wind of God. The spirit is like the wind, we cannot control it. But let our lives be under the spirit of God. We cannot make use of the spirit, but the spirit of God can use us.

There is so much risk involved in a life filled with the spirit of God. The outcome of change is mysterious like the spirit. What is certain is that the new birth brings with the inner assurance that we belong to God. What is unpredictable is what the wind of the spirit will lead us into as a result of this knowledge. We may continue in our present circumstances but with the transformed attitude and new vision of what we can become. Our God is a God of change. He gives breath to the dry bones. He gives us the spirit of sacrifice. He gives us the spirit of courage. He gives us the spirit of love. He gives us the spirit of zeal. He gives us the spirit of conviction. God wants every dry bones to Live.



## പാവന സ്മരണയ്ക്ക്



**Rev. Fr. Mathews Vadakkeparambil**

Date of demise : 01-08-1989

With Prayers: Jacob Mathew & Family




Reem BANQUET HALL

فندق الواحة الذهبية
Hotel Golden Oasis

Meeting Space Perfect for Any Occasions...

From business conferences and corporate affairs to special family events and private parties, Reem Hall is the perfect destination.
Our professional staff and ample facilities can accommodate your special events and help make your occasion elegant and care free.
Our Chefs take special care in preparing a sumptuous feast of the highest quality to compliment your event and enhance your enjoyment.
We prepare all varieties of food in two different packages to accommodate all party sizes and budgets.

Enhance your event with...
Wireless high speed internet I Proferssional sound & lighting system
High resolution projector I Wireless microphone system I Podium
Flower and floral design I Decorations I Center pieces I Custom packages

We Undertake Outdoor Catering Services For All Occasions Including Onam Sadhya...

For Enquiries Please Contact

+968 24813372 I +968 92846504 I +968 90919136 I +968 97717529
info@hotelgoasis.com P.O. Box: 353, Postal Code: 117, Wadi Al Kabir, Sultanate of Oman

# മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു

Jainamma Jacob



യാക്കോബ് 1- ന്റെ 14, 15 വാക്യങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു.

സഭാപ്രസംഗി 7/29 ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു. അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ച് വരുന്നു.

ബൈബിളിൽ ഉൽപത്തി പുസ്തകത്തിൽ നാം ആദി മാതാപിതാക്കളെകാണുന്നു. ദൈവം തന്റെ സ്വന്തം കൈകളാൽ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ സർവ്വ സ്വാതന്ത്ര്യങ്ങളോടും കൂടിയാണ് അവരെ പാർപ്പിച്ചത്. എല്ലാത്തിനും അവകാശിയാക്കി എല്ലാറ്റിൻമേലും ആധിപത്യവും നൽകി. ഒന്നുമാത്രം, ജീവ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. സാത്താന്റെ വാക്കുകളിൽ പ്രലോഭിതയായി ഹവ്വാ പഴം പറിച്ചുതിന്നു. ദൈവത്തെ പോലെയാകാനുള്ള വ്യാമോഹം, ഫലമോ, മാനവകുലം മുഴുവൻ പാപത്തിലായി.

**സ്ഥാനമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിച്ചു.**

2 ശമുവേൽ 11, 12 അദ്ധ്യായങ്ങളിൽ ദാവീദ് രാജാവിന് അന്യന്റെ ഭാര്യയോട് തോന്നിയ മോഹങ്ങളെപ്പറ്റി നാം വായിക്കുന്നു. യിസ്രായേലിന്റെ രാജാവായി ദൈവം നേരിട്ട് തിരഞ്ഞെടുത്ത് അഭിഷേകം ചെയ്ത ആളാണ് ദാവീദ്. ഊരിയാവിന്റെ ഭാര്യയെ കണ്ടപ്പോൾ അവനിലുണ്ടായ ജഡികാസക്തിയാൽ അവൻ പാപത്തിലായി. ബേർശേബയെ ജഡീകമോഹത്തിന് അടിമയാക്കി. പക്ഷേ അവൾ ഗർഭിണിയായി എന്നറിഞ്ഞപ്പോൾ അവളെ ഒഴിവാക്കാനായി യുദ്ധം ചെയ്തുകൊണ്ടിരുന്ന ഊരിയാവിനെ വരുത്തി. യുദ്ധം ചെയ്യുന്ന സഹോദരങ്ങളെപ്പറ്റിയുള്ള ചിന്തയാൽ വീട്ടിൽ പോകാൻ അവൻ തയ്യാറായില്ല. അതിനാൽ യുദ്ധമുഖത്തുതന്നെ നിറുത്തി അവനെ വധിക്കുവാൻ രാജാവ് കൽപിച്ചു. അവൻ കൊല്ലപ്പെട്ടു. നാഥാൻ പ്രവാചകനിലൂടെ തെറ്റുമനസ്സിലാക്കിയ ദാവീദ് പശ്ചാത്തപിച്ചു എങ്കിലും ബേർശേബയുടെ കുഞ്ഞ് മരിച്ചു. ജഡികമോഹത്തിന് അടിമയായ ദാവീദ് വ്യഭിചാരം ചെയ്തു, കൊലചെയ്തു ദൈവശിക്ഷ ഏറ്റുവാങ്ങി.

**ജഡമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിച്ചു**

1 രാജാക്കന്മാർ 21-ാം അദ്ധ്യായത്തിൽ ആഹാബ് രാജാവ് നാബോത്തിനോട് അവന് പിതൃസ്വത്തായി ലഭിച്ച മുന്തിരിത്തോട്ടം ആവശ്യപ്പെട്ടു. നാബോത്ത് കൊടുക്കാൻ തയ്യറായില്ല. അന്യന്റെ സ്വത്തിനോട് മോഹം തോന്നിയ രാജാവ് ദുഃഖിതനായി. ഇതറിഞ്ഞ രാജ്ഞി ഇസബേൽ ചതിവിലൂടെ നാബോത്തിനെ വധിച്ച് സ്ഥലം രാജാവിന് നൽകി. ദൈവം ഏലിയാ പ്രവാചകനിലൂടെ ആഹാബിനെ പാപബോധം നൽകി. ആഹാബ് രാജാവ് പശ്ചാത്തപിച്ചു എങ്കിലും രാജാവിന്റെ തലമുറ ശപിക്കപ്പെട്ടു. കൂട്ടുകാരനുള്ള യാതൊന്നിനെയും മോഹിക്കരുത് എന്ന ദൈവകൽപന യാണ് ലംഘിക്കപ്പെട്ടത്.

**ധനമോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിച്ചു.**

യേശുവിന്റെ സന്തത സഹചാരിയായി മൂന്നര വർഷം ജീവിച്ച ആളാണ് യൂദാസ്. യേശു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും. എല്ലാം നേരിൽ കറിഞ്ഞ ആളായിരുന്നു യൂദാ. പക്ഷേ എപ്പോഴും പണത്തോടുള്ള ആസക്തി അവനുണ്ടായിരുന്നു. യോഹന്നാൻ 12/6 ൽ വായിക്കുന്നത്, 'അവൻ കള്ളനാകക്കൊണ്ടും പണസഞ്ചി തന്റെ പക്കൽ ആകയാൽ അതിൽ ഇട്ടത് എടുത്ത് വന്നതുകൊണ്ടും ആണ് എന്നാണ്. 1 തിമോത്തിയോസ് 6/10-ധനമോഹമാണ് എല്ലാ തിന്മയുടെയും അടിസ്ഥാന കാരണം എന്ന് വായിക്കുന്നു. 30 വെള്ളികാശിന് തന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കാൻ പ്രേരിപ്പിച്ചത് ധനത്തോടുള്ള ആസക്തി തന്നെയാണ്. ഫലമോ, അനുതപിക്കാൻ പോലും കഴിയാതെ കുറ്റബോധത്താൽ അവൻ കെട്ടിഞ്ഞാന്ന് മരിച്ചു.

1 യോഹന്നാൻ 2ന്റെ 16-ാം വാക്യത്തിൽ നാം വായിക്കുന്നത്- എന്തെന്നാൽ ജഡത്തിന്റെ ദുരാശ(ജഡമോഹം) കണ്ണുകളുടെ ദുരാശ (കൺമോഹം) ജീവനത്തിന്റെ അഹന്ത (ധനമോഹം) ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിലെ മോഹങ്ങളും ഒഴിഞ്ഞുപോകും. 1 തിമോത്തിയോസ് 6/6. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. ദൈവം നമുക്ക് നൽകിയിരിക്കുന്ന ചെറുതും വലുതുമായ അനുഗ്രഹങ്ങളിൽ തൃപ്തിപ്പെട്ട് ജീവിക്കുവാൻ കൃപ നൽകട്ടെ.

مجلس المدينة
CITY COUNCIL
للتجارة والمقاولات
Trading & Contracting
MEP Mechanical I Electrical I Plumbing
Contractors
e-mail : info@cctoman.com





# ശോശപ്പാ

Fr. Abey Zacharia Mattackal
Vicar - St. Ephrem Knanya Church, Ghala

വി.കുർബാനയിൽ ഉപയോഗിക്കുന്ന ശോശപ്പ പ്രധാനമായും സൂചിപ്പിക്കുന്നത് കന്യകമറിയമിനെയാണ്. വി.കുർബാനയിലും മാമ്മോദീസ ശുശ്രൂഷയിലും ശോശപ്പ ആഘോഷം നടത്തപ്പെടുന്നു. വി.കുർബാനയിൽ പ്രധാനമായും ശോശപ്പ ഉപയോഗിക്കുന്നത് വി.രഹസ്യങ്ങൾ (അപ്പവും, വീഞ്ഞും) മൂടിവയ്ക്കുന്നതിനാണ് ഇത്. കന്യകമറിയമിന്റെ ഉദരത്തിൽ യേശു പൈതലായി വസിച്ചതിനെ സൂചിപ്പിക്കുന്നതാണ്. പുരോഹിതൻ ശോശപ്പ ഉപയോഗിച്ച് രഹസ്യങ്ങൾമറയ്ക്കുമ്പോൾ ""മഹത്വമുള്ളവന്റെതേജസ്സുകൊണ്ട് ആകാശം മൂടിയിരിക്കുന്നു. അവന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു" എന്ന് പ്രാർത്ഥിക്കുന്നു. വി.കുർബാന പരസ്യമായി ആരംഭിക്കുമ്പോൾ ശോശപ്പയിൽ മൂടിയിരിക്കുന്ന രഹസ്യങ്ങൾ ഗർഭസ്ഥ അവസ്ഥയി ലിരിക്കുന്ന കന്യകമറിയമിനെയും തുടർന്ന് ധൂപം വച്ച് ത്രോണോസ് യേശുക്രിസ്തുവിന്റെ ജനനത്തെയും സൂചിപ്പിക്കുന്നു. വി.കുർബാന മദ്ധ്യേ ശോശപ്പ ആഘോഷം നടത്തുമ്പോൾ "ഇസ്രയേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ട് നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽ പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട ആ തീക്കൽപാറയും നീ തന്നെയാകുന്നു".എന്ന് പ്രാർത്ഥിക്കുന്നു. യിസ്രയേൽ മക്കളുടെ മരുഭൂമിയാത്രയിൽ ഏലിം ദേശത്ത് വച്ച് തീക്കൽ പാറയിൽ നിന്നും ഒഴുക്കികൊടുത്ത പന്ത്രണ്ടു നീരുറവകളാണ് ഈ പ്രാർത്ഥനയിൽ ഓർക്കുന്നത് (പുറ. 15:27). സ്ലീബാ നമസ്ക്കാരത്തിന്റെ മദ്ധ്യാഹ്ന പ്രാർത്ഥന യിൽ ഇപ്രകാരം ചൊല്ലുന്നു

"മോശ ചമച്ച സാക്ഷ്യപ്പെട്ടകമേ മറിയമേ ശ്ലോമ്മോ
ജീവജലത്തെ മുൻ കുറിയായ് കാട്ടിയ ശോശപ്പാ ശ്ലോമ്മോ"

ജീവജലത്തെ മുൻകുറിയായ് കാട്ടിത്തന്ന പാറയോടും ശോശപ്പയോടും കന്യകമറിയമിനെ പരി. പിതാക്കന്മാർ ഉപമിക്കുകയും ചെയ്തിരിക്കുന്നു. തീക്കൽ പാറയായ് കന്യക മറിയമിനെയും തിക്കൽ പാറയിൽനിന്ന് ഒഴുകിയ ജലം യേശുക്രിസ്തുവിനെയും, 12 നീരുറവകൾ 12 ശിഷ്യന്മാരെയും സാക്ഷ്യപ്പെടുത്തുന്നു. വി.കുർബാനയിൽ ശോശപ്പ ആഘോഷസമയത്ത് ഭയഭക്തിയോടെ നിൽപ്പാൻ ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ കബറിങ്കൽ വച്ച മുദ്രകല്ലും ശോശപ്പയെ സൂചിപ്പിക്കുന്നു. പുതു ഞായറാഴ്ചയുടെ പ്രഭാതത്തിന്റെ സെദറായിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "കന്യകയുടെ ഗർഭത്തിൽ നിന്ന് ഞാൻ ജനിച്ചു. അങ്ങനെ തന്നെ കല്ലറയിൽ മുദ്ര സുരക്ഷിതമായിരിക്കുകയും, കാവൽ പട്ടാളം ഭദ്രമായി കാത്തുവരികയും ചെയ്യുമ്പോൾ ഞാൻ അതിൽനിന്ന് പുറപ്പെട്ടു". കർത്താവിന്റെ കബറിൽ അടച്ച പാറയിലെ മുദ്രയ്ക്ക് കേടില്ലാതെ കർത്താവ് ഉത്ഥാനം ചെയ്തതുപോലെ കന്യാമറിയമിന്റെ കന്യാത്വത്തിന് ഭംഗം വരാതെ പുത്രൻ ജനിച്ചതിനെ സൂചിപ്പിക്കുന്ന പ്രാർത്ഥനകളാണ് "തീക്കൽപാറ" എന്ന പുരോഹിതന്റെ പ്രസ്താവന. ഇവിടെ മരുഭൂമിയിൽ വെള്ളം നൽകിയ പാറയും കർത്താവിന്റെ കബറിങ്കൽ വച്ച മുദ്രകല്ലായും ശോശപ്പയെ സൂചിപ്പിക്കുന്നു. വി.കുർബാനയിൽ ശോശപ്പ ആഘോഷം വരെ മാതാവിന്റെ സംരക്ഷണയിൽ യേശു വസിച്ചിരുന്നതായും തുടർന്ന് യേശുതമ്പുരാന്റെ പരസ്യ ശുശ്രൂഷയുമാണ് നാം ആഘോഷിക്കുന്നത്.

## Testimony

Dear in Christ, though we continue to live our life to best of our knowledge and dedication in God, there will be times when a better way to be more in love with the almighty God is shown.

Last year I experienced the Grace of God, In a span of one week I lost 70% of my right eye vision. The doctors were not able to diagnose this rare condition, and after consulting the specialist doctor only the full treatment could be started.

At this challenging time, I along with my family used to come daily to our Morth Smooni Church and offered our prayers, after praying we used to feel a special bliss and calmness and we would be filled with hope that our prayers would be heard and this medical condition will go away without harming us but filling us with the Grace of our Father.

Our prayers to Jesus Christ and Mother Mary along with intercessory prayer to Morth Smooni Amma supported and cemented our faith in Christ.

With Thanks

A Believer's Family

# സൗഹൃദം




Thomas Rajan

സൗഹൃദങ്ങൾക്കായി കൊതിക്കുകയും ഒടുവിൽ അകന്നുപോവുകയും ചെയ്യുന്ന ജീവിതമാണ് മനുഷ്യന്റേത്. ഒറ്റയ്ക്കാവുന്നവന്റെ സ്വപ്നങ്ങളാണ് സൗഹൃദങ്ങൾ. രണ്ടുപേർക്കിടയിലാണ് സൗഹൃദം സംഭവിക്കുന്നത്. ഒരേ സ്നേഹത്തിന്റെ രണ്ടു ശ്വാസകോശങ്ങളാണ് സൗഹൃദങ്ങൾ. കരുതലിന്റെ വലയത്തിലായിരിക്കുമ്പോഴും പരസ്പരം ഉടമസ്ഥത അവകാശപ്പെടാത്തതാണത്. "നിങ്ങൾ പരസ്പരം സ്നേഹിക്കുക" എന്ന മൂന്നുവാക്കുകളാണ് ചങ്ങാത്തത്തിന്റെ അടിസ്ഥാനം. ഏകാന്തതയെ മറികടക്കുവാൻ സഹായിക്കുന്നത് ചങ്ങാത്തമാണ്, ജീവിതം ഒരുവനായി കരുതി വയ്ക്കുന്ന ഏറ്റവും വലിയ കാരുണ്യമാണിത്.

ബഷീറിന്റെ "മതിലുകളിലും" ആൻഫ്രാങ്കിന്റെ "ആത്മകഥയിലും" ഒറ്റപ്പെടലിനെ മറികടക്കാനുള്ള ശ്രമങ്ങൾ നമ്മൾ വായിക്കുന്നു. സ്വന്തം ആത്മാവിനെ തിരിച്ചറിയുന്നവർ സൗഹൃദങ്ങൾക്കായി കാത്തിരിക്കണം. "അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്റെ സുഖത്തിനായി വരേണമെന്ന്" ശ്രീനാരായണഗുരു വ്യക്തമാക്കുന്നത് ചങ്ങാതിയോട് നമുക്കുണ്ടായിരിക്കേണ്ട അദൃശ്യമായ ചരടിനെ ഓർമ്മിപ്പിക്കുവാനാണ്. ചങ്ങാതിയെ വളരെ ഗൗരവത്തോടെ കണ്ടത് നസ്രത്തിലെ യേശുവായിരുന്നു. ആന്ത്രയോസിലും പത്രോസിലും ആരംഭിക്കുന്ന ചങ്ങാതിക്കൂട്ടത്തിന്റെ ഇങ്ങേ തലയ്ക്കലുള്ളവരാണ് ചുങ്കക്കാരും ഗണികകളും. യേശു, എല്ലാവരെയും തന്റെ കരവലയങ്ങൾക്കുള്ളിലാക്കി. യേശുവിന്റെ പന്ത്രണ്ട് ശിഷ്യരിൽ സ്വാഭാവിക മരണം ലഭിച്ച ഏകശിഷ്യൻ യോഹന്നാനായിരുന്നു-ക്രിസ്തുവിന്റെ മാറിൽ ചാഞ്ഞുറങ്ങിയ ശിഷ്യൻ. യോഹന്നാൻ വൃദ്ധനായപ്പോൾ എല്ലാവരും അയാളുടെ ചുറ്റും കൂടുകയും യേശുവിനെക്കുറിച്ചും അന്നത്തെ ജീവിതാനുഭവങ്ങളെ കുറിച്ചും ചോദിക്കുമായിരുന്നു. യോഹന്നാന് ഒരുത്തരം മാത്രമേ ഉണ്ടായിരുന്നുള്ളൂ "സ്നേഹം." എത്രയൊക്കെ ചോദ്യങ്ങൾ വന്നാലും, അയാളുടെ ഉത്തരം വളരെ ലളിതമായിരുന്നു-സ്നേഹം. ക്രിസ്തുവിന്റെ ജീവിതം അനുഭവിച്ച ഒരുവന് മറ്റൊരു വാക്കും പറയാൻ കഴിയുമായിരുന്നില്ല. യഥാർത്ഥ സൗഹൃദം അനുഭവിച്ചവർക്ക് "സ്നേഹം" എന്ന പദമല്ലാതെ മറ്റൊന്നും പറയാൻ കഴിയില്ല. "സൗഹൃദം" വരും കാലങ്ങളിൽ നമ്മുടെ തലമുറകൾ ആവർത്തിച്ചെഴുതി പഠിക്കേണ്ട വാക്കുകളിലൊന്നായി മാറും. ചതിക്കുഴികളെത്രയെന്ന് തിരിച്ചറിയാൻ കഴിയാത്ത വർത്തമാനകാലത്തിൽ നമ്മൾ നിസ്സഹായകരായി വിഷമിക്കുമ്പോൾ-കടലിലെ കൊടുങ്കാറ്റിൽ നമ്മുടെ വഞ്ചിയും മുങ്ങിത്താണുപോകുമെന്ന് ഭയപ്പെടുമ്പോൾ, രക്ഷിക്കണേയെന്ന് പത്രോസിനെപ്പോലെ നിലവിളിക്കുമ്പോൾ, നമ്മുടെ കൈപിടിച്ചുയർത്താൻ നസ്രത്തിലെ രാജകുമാരനെത്തും: ആ ആശാരി, സൗഹൃദങ്ങളുടെ രാജകുമാരൻ. ക്രിസ്തുവിനെ വിശുദ്ധ പൗലോസ് വിശേഷിപ്പിക്കുന്നത് യഥാർത്ഥ 'ഒലീവ്' മരം എന്നാണ്. ഒരാൾ രക്ഷ പ്രാപിക്കുന്നത് യഥാർത്ഥ ഒലീവ് മരത്തോട് ചേർക്കപ്പെടുമ്പോഴാണ്. ക്രിസ്തുവിനെ നിഷേധിക്കുന്നവരോട് പോലും ക്രിസ്തുവിന്റെ സൗഹൃദം നിറഞ്ഞുകവിയുന്നു.

"കർത്താവ് നല്ലവനാണെന്ന് നിങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ടല്ലോ"
(1 പത്രോസ് 2:3)



Determining when the books in the Bible were written can be difficult because there is a lot of disagreement between academic scholars and those who closely believe in and follow the Bible. Since it can be hard to figure out when in history these stories were first written, the dates on this list are based on the information presented in the Bible and are the dates widely accepted by followers of the Bible.

## 8. The Book of Judges

Year Written: 10th century BC
Author: Unknown-possibly Samuel
Number of Chapters: 21
Book Number: No.7

According to tradition, the Book of Judges was written by Samuel. However, no one knows for sure if Samuel was the actual author of Judges. While the author is unknown, there is some evidence that suggests the Book of Judges was written in the early 10th century BCE.

The Book of Judges picks up the story of the Israelites after the death of Joshua to the establishment of Kingdom. In Judges, God fulfills many of the promises he made to ancestors of Joshua and his fellow Israelites after they conquer the Promised Land. Judges also reminds people that God is faithful to those that are faithful to Him and that ultimately, He is one responsible for the welfare of Israel.

## 7. The Book of Joshua

Year Written: 15th century BC
Author: Joshua and Eleazar son of Aaron
Number of Chapters: 24
Book Number: No.6

The Book of Joshua continues the story of the Israelites from the Pentateuch (the first five books of the Bible written by Moses). In the Book of Joshua, God transfers leadership of the Israelites to Joshua after the death of Moses. Joshua and the Israelites arrive at Canaan and march around destroying their enemies, who are also the enemies of God.

There is some disagreement over whether or not Joshua wrote his book himself during his lifetime or if the Book of Joshua was written hundreds of years later. However, there is a lot of evidence and suggests that Joshua most likely wrote the book himself and that the final section of the book, which details Joshua's funeral, was written by Eleazar son of Aaron.



## 6. The Book of Deuteronomy

Year Written: 1446 – 1406 BC
Author: Moses and unknown author
Number of Chapters: 34
Book Number: No. 5

The Book of Deuteronomy is the fifth book in the Bible and the final in the Pentateuch. Deuteronomy concludes the story of Moses. In Deuteronomy, Moses delivers his final words and prepares to pass leadership of the Israelites to Joshua.

Like the other books in the Pentateuch, Moses is credited with also writing a majority of Deuteronomy. However, it is evident that someone else edited the story, most likely after Moses death. The last chapter of Deuteronomy is written in the third person and it is not known when that part of the story was added to the book of Deuteronomy.

## 5. The Book of Numbers

Year Written: 1446 – 1406 BC
Author: Moses
Number of Chapters: 36
Book Number: No. 4

The Book of Numbers in the fourth book in the bible and the next part of the Pentateuch after Exodus.

Although Numbers was mostly written by Moses, some parts of the story were most likely added later and edited until it reached its current form.

Numbers continues the story from Exodus and shows the Israelites preparing to leave Mount Sinai for the Promised Land. In Numbers, the Israelites wondered in the desert for about 38 years before arriving at their destination. The English name of the book is based on the Greek translation of the Old Testament and was named for the list of numbers recording in the book. The numbers were part of the census that was taken to determine the number of Israelites at the time.

## 4. The Book of Leviticus

Year Written: 1446 – 1406 BC
Author: Moses
Number of Chapters: 27
Book Number: No.3

The book of Leviticus is not quite as long as the rest of the other books in the Pentateuch. Like the rest of the Pentateuch, the Book of Leviticus was written by Moses sometime during Israel's exile between 1446 – 1606 BC. Most of Leviticus contains God's speeches to Moses, which He commands Moses to repeat to the rest of the Israelites. In the previous book in the Pentateuch, Exodus, God provided the instructions for how to build the tabernacle and in Leviticus, God provides the laws and regulations for how the Israelites should worship there. Some of the instructions include ceremonial cleanness, moral laws, holy days, the Sabbath year and the Year of Jubilee.

## 3. The Book of Exodus

Year Written: 1446 – 1406 BC
Author: Moses
Number of Chapters: 40
Book Number: No. 2

The book of Exodus is the second book in the Bible and picks up directly where the book of Genesis ended. As the name of the book implies, Exodus covers the story of how the Israelites leave Egypt and are freed from slavery. The exodus is believed to have taken place around 1446 BCE.

The Israelites are led by the prophet Moses to Mount Sinai where God Speaks to Moses and lays the foundation for how the Israelites should live and worship God. The most famous part of the book of Exodus is when God reveals the Ten Commandments and the Book of the Covenant to Moses.

## 2. The Book of Genesis

Year Written: 1446 – 1406 BC
Author: Moses
Number of Chapters: 50
Book Number: No. 1

The Book of genesis is the first book of the Bible and the first of the five books of the Pentateuch, which were all written by Moses. It is believed that Moses wrote the majority of the Pentateuch during Israel's exile, which lasted from around 1446 – 1406 BC. As the very first book in the Bible, Genesis establishes a point of reference for the rest of the events in the Bible. Generally, the Book of Genesis is divided into two sections, chapters 1-11 and 12-50. The first section details the creation of the world and mankind, the fall of mankind, the flood, and confusing languages of the tower of babel. The rest of genesis covers the story of Abraham, Isaac, Jacob and Joseph.

## 1. The Book of Job

Year Written: 2nd millennium BC
Author: Unknown
Number of Chapters: 42
Book Number: No. 18

The exact date of the Book of Job is unknown, but there is strong evidence that Job lived in the 2nd millennium BCE and that the Book was written around that time as well. The events in the Book of Job are believed to have taken place before the time of Moses, possibly during the era of the Bible's Patriarchs.

Additionally, the Book of Job is written differently from all the other books in the Bible and it also makes no reference to any other books or events in the Bible. This suggests that the events of Job took place long before those in the rest of the Bible. Job uses Arabic words and describes Arabic customs, opinions and manners.






Prem John



# കാഴ്ച

Com. Geevarghese John Tharakan

സ്നേഹത്തിന്റെയും, ജ്ഞാനത്തിന്റെയും ഭൂപടത്തെ കൈരേഖകൾ പോലെ വ്യക്തമായി കാട്ടിക്കൊടുക്കാൻ ധൈര്യവും തെളിച്ചവും വക്കോളമുണ്ടായിരുന്നതു കൊണ്ടാവണം ആ മരപ്പണിക്കാരന്റെ ജീവിതവും ഇത്രയും അപഹാസങ്ങളിലൂടെ കടന്നുപോയത്. നിരുപദ്രവങ്ങളായിരുന്നില്ല ആ പരിഹാസങ്ങൾ; കൊലമരത്തിലേക്ക് എത്തിക്കുവോളം വിപൽക്കവും, സങ്കീർണ്ണങ്ങളുമായിരുന്നു. ഓർത്താൽ കഷ്ടിച്ച് ആയിരം ദിവസങ്ങളുടെ കഥയാണ്, മൂന്നു സംവത്സരങ്ങൾ. ആ ചെറിയ കാലത്തിൽ അവൻ കേൾക്കാതെ പോയ നിന്ദനങ്ങൾ എന്തെന്ന് ഓർക്കുന്നതാണ് കേട്ട നിന്ദനങ്ങളെ എണ്ണിയെടുക്കുന്നതിനെക്കാൾ എളുപ്പം. വായിച്ചുകേട്ട സുവിശേഷത്തെ മിഴിപൂട്ടിയൊന്ന് ഓർമ്മിച്ചെടുക്കുമ്പോൾ എന്തൊക്കെയാണത്; ഭോജനപ്രിയൻ, വീഞ്ഞുകുടിയൻ, ഗണികകഴുടെ കൂട്ടുകാരൻ, പിശാചുക്കളെ കൊണ്ട് ഉച്ചാടനം നടത്തുന്നവൻ, നിയമലംഘകൻ, ദൈവദൂഷകൻ, പൈത്യക്കാരൻ അങ്ങനെയങ്ങനെ.....

എന്നിട്ടും അവൻ ഒന്നും പ്രതികരിച്ചില്ല..... എന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞുപോയത് ഇവിടെയാണ്... ഞാൻ അറിയാത്ത കാര്യം മറ്റുള്ളവർ പറഞ്ഞപ്പോൾ ഞാനെടുത്ത നിലപാടുകൾ തെല്ലൊന്നുമല്ല എന്നെ ഭാരപ്പെടുത്തിയത്. അവന്റെ കാഴ്ചയുടെ ആഴം അത്രയ്ക്കു വലുതായിരുന്നു. അതുകൊണ്ടാണ് 'ഇവർ ചെയ്യുന്നത് എന്തെന്നറിയാത്തതിനാൽ ഇവരോട് ക്ഷമിക്കണമെ' എന്ന് അവസാന നിമിഷം അവൻ പ്രാർത്ഥിച്ചത്. അവൻ മറ്റുള്ളവരെ മനസ്സിലാക്കിയിരുന്നത് പുറംമോടികൾ കണ്ടിട്ടല്ല, അകം അറിഞ്ഞുതന്നെയാണ്. ഉദാഹരണം ലൂക്കോസ് 21:1-4 വരെയുള്ള ഭാഗമാണ്. ഇവിടെ ക്രിസ്തു തന്റെ ഉപജീവനം മുഴുവൻ ദൈവസന്നിധിയിൽ സമർപ്പിച്ച ഒരു സാധു വിധവയെ അഭിനന്ദിക്കുന്നുണ്ട്, വളരെ ചിന്തനീയമായ ഭാഗം. തങ്ങൾക്ക് യോജിച്ചതുമാത്രമേ കാണൂ എന്ന് വാശിപിടിക്കുന്ന നമ്മുടെ ഇടയിൽ ക്രിസ്തു ഒരുപാട് വ്യത്യസ്തനാവുന്നുണ്ട്. ക്രിസ്തു ഇവിടെ സമ്പന്നനേയും ദരിദ്രനേയും ഒരുപോലെ കാണുന്നുണ്ട് തന്നെയല്ല നല്ല ഒരു കാഴ്ചയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. 'ഇവൾ' എല്ലാവരെക്കാളും കൂടുതൽ ഇട്ടു മനുഷ്യന്റെ 'അകം' ക്രിസ്തുവിന്റെ കണ്ണുകളിൽ കാണുന്നുണ്ടെന്ന ചിന്ത നമുക്ക് ഉണ്ടായിരുന്നെങ്കിൽ നാം എന്നേ നന്നായേനേ. കുറവുകളെ പർവ്വതീകരിക്കുന്ന ഈ ലോകത്തിൽ നന്മയെ പർവ്വതീകരിക്കാൻ നമുക്ക് സാധിക്കണം. അതിന് കാഴ്ച നന്നാവണം, കാഴ്ചപ്പാട് മാറണം. ചുറ്റും സംഭവിക്കുന്ന കാര്യങ്ങളൊക്കെ നല്ലതാണെന്നു പറയണമെങ്കിൽ ഒരാളുടെ തലയിൽ ആൾപ്പാർപ്പുാകാൻ പാടില്ല എന്ന വിചാരം ഒരു പരിധിവരെ ശരിയാണ്. മാനുഷിക കാഴ്ചപ്പാടിൽ എന്നാൽ പരിണമിക്കുന്ന കാര്യങ്ങളിൽ എവിടെയോ നന്മ ഉണ്ടെന്ന് ചിന്തിച്ചെടുക്കാൻ സാധിക്കുന്നത് ദൈവിക കാഴ്ചപ്പാടാണ്. നമ്മുടെ കണ്ണുകൾ തെളിയട്ടെ, കാഴ്ചകൾ കുറച്ചുകൂടെ ആഴത്തിലാകട്ടെ, മനുഷ്യൻ മനുഷ്യനെ മനസ്സിലാക്കുന്ന തരത്തിലേക്ക് കാര്യങ്ങൾ വളരട്ടെ. കുഞ്ഞുണ്ണിമാഷിന്റെ ഒരു കവിത ഇവിടെ ചേർക്കുന്നു.

പൂച്ചക്ക് പുറമുണ്ട്
പുറം പൂച്ചിനകമില്ല...
കാഴ്ചകൾ വിശാലമാകട്ടെ





Abeth Shaji

# In Loving Memory of our Beloved Grand Parents



## ATTAIKULATHU VEEDU
## CHENKULAM - KOLLAM

## സന്തപ്ത കുടുംബാംഗങ്ങൾ

**With Prayers :**
**Com. Geevarghese John Tharakan & Family**

# Technology Friend or Foe?



Dr. Sherimon P.C.

## 'Get off your phone! That's all you do these days.'

'You're so addicted to these devices, it will spoil your eyes and give you a bad headache.'

We often hear concerned parents talking like this to their children. This concern is important in ensuring your child is safe, but there is a very thin line between being extremely cautious and completely ignorant.

As human beings in 2019, technology has seized to becoming a necessity rather than a luxury. With all the advanced devices at our fingertips, we have knowledge about everything happening in today's world. When it comes to our children and technology, as parents, we tend to be highly stringent or totally liberal.

One thing that needs to be said, nothing is harmful if used correctly. The Internet and social media may have devastating problems, but it has helped us to understand current affairs all over the world. In recent years, children have been aware of today's International problems from climate change to gender equality. Their mobile phones have helped them stay connected and thus become adults who understand today's world. But that doesn't mean that children are capable of taking all the right decisions on the Internet arena.

As parents, we must understand that our children require to know how to use today's devices. But we have the responsibility to make them understand how to use these to our advantage and in the right amount. Being too liberal and allowing them to do whatever they like may also result in addiction where they cannot survive without this technology. We often see such situations when they have no access to Internet as they travel for summer vacations. Your children should understand how to use the Internet and social media, while being safe and protected.

**Imagine:**

You're in India for summer vacation. You sit with a good cup of tea as you enjoy the monsoon and the beautiful rain in front of you. And then you hear it, the electricity is gone. You check your phone and see 12% charge. You get angry as you realize that you won't be able to charge it until the electricity is back.

This is exactly how everyone will act; be it child or adult because this is how dependent we are on the Internet where it has taken over us and happiness seems to vanish if the Wi-Fi goes off.

Take such moments to cherish today. Be grateful for every new day and thank god for it. Make it the first thing you do in the morning rather than immediately checking WhatsApp. When it rains, enjoy it. Talk to your family, make it a time for grandchildren and grandparents to be together. Sit and talk to the person sitting next to you rather than texting the person thousands of miles away from you.

Remember, children learn from their elders.

So, the next time when the electricity goes when you're in India, rather than cursing your phone for no network, gather everyone and talk. It may be one of the greatest memories you would possess away from this buzzing world and technology.





# Renjith

## A Man who Never gave up

Renjith was born in a lower middle class family in (place) . Since childhood Renjith had the ambition to become an electrical engineer. After graduating Diploma from polytechinic in his favourite subject (electrical) with decent grade, he joined in Tharapur steel plant Mumbai as supervisor. He was a very good at his job and management appreciated his professionalism.

Everything was going smoothly in his life until that fateful day, when his life took a tragic turn. On that day he was returning home from work when he lost control of his bike and he fell down from a cliff. Immediately he was admitted to hospital and after all the check ups doctors informed his family that he had spinal cord injury and he had been paralysed from neck down. Following his treatment in Mumbai he was shifted to Indo-American Hosiptal, Kerala and then referred to Manipal for better treatment. He recovery was very minimal and after that his family decided to shift him to a Rehabilitation centre in Kerala.

Following his 2 years hospital treatment he returned home where he was completely bed ridden for 6 years. After sometime he started showing some improvements and was able to sit. His uncle gifted him a 3 wheeled scooter which was his new mode of transport. During this period he met the love of his Kala and got married. She was very supportive to him and was ready to take care of his visually impaired father and old mother. The grand marriage function happen on 5th Nov 2016. During these difficult time his former company used to pay him every month a fixed amount in appreciation of his good work during his employment. After a while new management took over the company and they decided not to continue the payments to Renjith from Dec 2016.

After that he started a new DTP center at his home for his livelihood. He used to work on his wheel chair with the help of his wife.

Tragedy struck again. Due to continuous sitting on wheel chair for long time his spinal cord got fractured and he again became bed ridden. Still this set back didn't deter him, he fight back continues with support of his friend Satheesh who was working in a workshop. Satheesh designed a special table for Renjith to continue his DTP work from bed. With solid determination he was able to earn his livelihood independently.

This is a real life story of man with courage to conquer every adversity which came in his life. It a life learning lesson to everyone of us who complains about small hurdles in the life.

2 Corinthians 12:9 – "My grace is sufficient for you, for my power is made perfect in weakness"



Jiya James

# സ്നേഹം എന്ന ആയുധം



Rajan Kurian

'സ്നേഹം സകലതും സഹിക്കുന്നു, സ്നേഹം സകലതും പൊറുക്കുന്നു, എല്ലാം വിശ്വസിച്ചിടുന്നു, സ്നേഹം എല്ലാറ്റിനേയും അതിജീവിക്കുന്നു.'

നാം എത്ര പറഞ്ഞാലും എത്ര എഴുതിയാലും മതിവരാത്ത അനന്തമായി നീളുന്ന ഒരവസ്ഥയാണിത്. കാരണം ദൈവം സ്നേഹമാകുന്നു.

ദൈവം ഇല്ലായെങ്കിൽ ഈ പ്രപഞ്ചം ഇല്ല. അപ്പോൾ സ്നേഹം ഇല്ലായെങ്കിൽ ഈ പ്രപഞ്ചത്തിന്റെ നിലനിൽപ്പ് എന്താകും? ഏ കെ 47 മുതൽ അണ്വായുധം വരെ അതിജീവനത്തിനും സംരക്ഷണത്തിനും ചെറുത്തുനിൽപ്പിനുമായി ഉപയോഗിക്കേണ്ടി വരുന്ന ഈ സാഹചര്യത്തിൽ, കാലഘട്ടത്തിൽ എത്രപേർ സ്നേഹമെന്ന ആയുധത്തെക്കുറിച്ച് ചിന്തിക്കുന്നുണ്ട്? നമുക്ക് നമ്മളിലേക്ക് ഒന്നുനോക്കാം. നാം നമ്മെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ആദ്യം പറഞ്ഞ ക്ഷമ, സഹനം ഇവയെല്ലാം നമ്മളിൽ ഉണ്ടോ എന്ന് ആദ്യം പരിശോധിക്കുക. പിന്നീട് സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു ജീവിതത്തിന് ഏറ്റവും വേണ്ട അത്യന്താപേക്ഷിതമായ കാര്യമാണ് നിന്റെ വലതു കൈ ചെയ്യുന്നത് ഇടതുകൈ അറിയരുത് എന്നത്. മറ്റുള്ളവരെ ധനം കൊണ്ടും വസ്ത്രം കൊണ്ടും ഒക്കെ സഹായിക്കുന്ന സഹായം മാത്രമല്ല ഉദ്ദേശിച്ചത്. നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക, മറ്റുള്ളവരെ സ്നേഹിക്കുക. ഇതൊക്കെ മറ്റുള്ളവർ അറിയാതെ നമുക്ക് ചെയ്യുവാൻ സാധിക്കുന്ന കാര്യമാണ്. ഒരു ഉദാഹരണം പറയാം. ഇവിടെ ഒമാനിൽ കൊടും വെയിലത്ത് വെളിയിൽ നിന്ന് ജോലി ചെയ്യുന്ന കെട്ടിട നിർമ്മാണ തൊഴിലാളികളെ നാം കാണാറുണ്ട്. അതായത് നമുക്ക് അടുപ്പമോ അറിവോ ഇല്ലാത്ത ആൾക്കാർക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാൻ സാധിക്കണം. എത്രയോ കഷ്ടപ്പാട് സഹിച്ചാണ് അവരവരുടെ ജോലി ചെയ്യുന്നത്? അതിൽ സാമ്പത്തികമായി വളരെ കഷ്ടപ്പെടുന്ന അനേകമാളുകൾ ഉണ്ടാവാം. അങ്ങനെയുള്ളവരെയെല്ലാം നമുക്ക് ഒരുപക്ഷേ സഹായിക്കുവാൻ സാധിച്ചു എന്നു വരില്ല. പക്ഷേ അവർക്കായിട്ട് നമുക്ക് ചെയ്യുവാൻ സാധിക്കുന്ന ഒരു വലിയ കാര്യമുണ്ട്. ഒരുപക്ഷേ നമ്മൾ കാറിൽ പോകുമ്പോൾ ആയിരിക്കാം അല്ലെങ്കിൽ ഏതെങ്കിലും ഒരു വാഹനത്തിൽ പോകുമ്പോൾ ആയിരിക്കാം പുറത്ത് കഷ്ടപ്പാട് സഹിച്ച് ജോലിചെയ്യുന്ന ഇവരെ നാം കാണുന്നത്. നമുക്ക് എന്തു ചെയ്യുവാൻ സാധിക്കും? അതെ, ഒരുപക്ഷേ പണത്തേക്കാളും വസ്ത്രങ്ങളേക്കാളുമൊക്കെ വലിയൊരു കാര്യം നമുക്ക് ചെയ്യുവാൻ സാധിക്കും. എന്താണത്, ഒരു നിമിഷം അവർക്കുവേണ്ടി പ്രാർത്ഥിക്കുക.

അതുപോലെതന്നെ നമ്മുടെയൊക്കെ കുടുംബങ്ങളിൽ നാം ചെയ്യുന്ന നല്ലപ്രവർത്തികൾ പലതും കുടുംബത്തിലുള്ള അംഗങ്ങൾ അറിഞ്ഞ് കണക്കു ബോധിപ്പിക്കണമെന്നില്ല. ഭാര്യ ഭർത്താവിനോടും, ഭർത്താവ് ഭാര്യയോടും അല്ലെങ്കിൽ മക്കൾ രക്ഷാകർത്താക്കളോടും രക്ഷാകർത്താക്കൾ മക്കളോടുമൊക്കെ പലകാര്യങ്ങൾക്കും നമുക്ക് കണക്കുപറയാനുള്ള ഒരു പ്രവണത ഉണ്ടാവാം. അവിടെയൊക്കെ നാം ഓർക്കേണ്ടതായ ഒരു കാര്യമാണ് 'നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയരുത്' എന്നുള്ളത്. അതുപോലെ തന്നെയാണ് നമുക്ക് ദൈവത്തോടുള്ള ആരാധനയും. നാം പള്ളിയിൽ വന്നുകഴിഞ്ഞാൽ ദൈവത്തിൽ നിന്ന് എന്തു കൃപ ലഭിക്കും, അല്ലെങ്കിൽ നമ്മുടെ ആവശ്യങ്ങളും ആവലാതികളും എല്ലാം ഒരുപക്ഷേ ദൈവ സന്നിധിയിൽനിന്ന് പ്രാർത്ഥിക്കുമ്പോൾ അനന്തമായി നീണ്ടുപോകുന്നുണ്ടാകാം. എന്നാൽ മറിച്ച് നമുക്ക് ദൈവത്തിനുവേണ്ടി എന്തു ചെയ്യുവാൻ സാധിക്കും. നാം പാടാറുണ്ട് 'ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ' വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകർ മദ്ബഹായിക്കുള്ളിലെ പൊടിയോ, മാറാലയോ ഒന്നുമില്ലാതെ വിശുദ്ധ മദ്ബഹ പരിപാലിക്കുക എന്നതും ഒരു ദൈവ ആരാധനയാണ്. അതുപോലെ തന്നെ വിശ്വാസികളായ നാം ഓരോരുത്തരും പള്ളിക്കുള്ളിലോ, പരിസരത്തോ ഒരു പേപ്പർ കഷണമോ മറ്റെന്തെങ്കിലും കണ്ടാൽ അത് ഡസ്റ്റ്ബിന്നിൽ നിക്ഷേപിച്ചാൽ അതും ഒരു ദൈവാരാധനയാണ്. അല്ലാതെ അതൊക്കെ അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആൾക്കാർക്ക് വേണ്ടിയോ ആത്മീയ സംഘടനകൾക്കുവേണ്ടി മാറ്റി വയ്ക്കരുത്. കാരണം കാലിത്തൊഴുത്തിൽ പിറന്ന, ശിഷ്യന്മാരുടെ കാലുകൾ കഴുകിയ നമ്മുടെ കർത്താവു തമ്പുരാൻ നമുക്ക് കാണിച്ചുതന്നതാണ് ഈ എളിമയുടെ സന്ദേശം, ഈ പരസ്പര സാഹോദര്യത്തിന്റെ സന്ദേശം. അതുപോലെതന്നെ നമ്മുടെ ഉപജീവന മാർഗ്ഗത്തിനുവേണ്ടി നാം ജോലി ചെയ്യുന്ന സ്ഥലത്തും നമ്മുടെ പള്ളിയിലെ ശുശ്രൂഷ ചെയ്യുന്ന ഏതു മേഖലയിൽ ആണെങ്കിൽപോലും നമ്മെപ്പോലെ കഴിവു തെളിയിക്കാൻ സാധിക്കാത്തവരോ ചിലപ്പോൾ കഴിവു കുറഞ്ഞവരോ ഒക്കെ ഉണ്ടാകാം. നാം അവരെ ചേർത്തു പിടിച്ച് നമ്മോടൊപ്പം അവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക. (അതൊരു ലീഡർഷിപ്പ് ക്വാളിറ്റിയാണ്.) അല്ലാതെ അങ്ങനെയുള്ളവരെ നോക്കി കളിയാക്കി ചിരിക്കുകയോ പുച്ഛിക്കുകയോ ചെയ്യരുത്. കാരണം പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായിട്ടുള്ളത് ഒരുവൻ മാത്രമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു. യാതൊരുവിധ പരിചയവുമില്ലെങ്കിൽപോലും നമുക്ക് കാണുവാൻ സാധിക്കും ഗൾഫ് രാജ്യങ്ങളിലുള്ള ജനങ്ങൾ, അവർ തമ്മിൽ കാണുമ്പോൾ ഹസ്തദാനം ചെയ്തു അസ്സലാമു അലൈക്കും പറയുന്നത്. നമ്മുടെ ഇടവകയിലും പരസ്പരം അറിയുന്നവരും അറിയാത്തവരുമായിട്ടുള്ള ആൾക്കാരുണ്ടാവാം. ഒരു ഹസ്തദാനം വഴി, ഒരു ചെറു പുഞ്ചിരി വഴി നമുക്കും ആ സ്നേഹം പങ്കുവയ്ക്കാം. അങ്ങനെ നമ്മുടെ ഹൃദയങ്ങളിൽ ആഴമായ സ്നേഹം നിറയുമ്പോൾ നമ്മിലുള്ള ദൈവാംശം വർദ്ധിക്കുന്നു. അതുകൊണ്ട് നമുക്ക് സാത്താന്റെ പ്രവർത്തനങ്ങളായ ഗർവ്വ്, അഹങ്കാരം, അഹംഭാവം ഇവയെല്ലാം അതിജീവിക്കുവാൻ സാധിക്കുന്നു. അതിനായി നമ്മുടെ ഹൃദയങ്ങളിൽ വ്യവസ്ഥയില്ലാത്ത സ്നേഹത്തെ (unconditional love) നിറയ്ക്കാം.

ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളം ആണ് (1 കൊരിന്ത്യർ 13:1)

*God Bless You*



# വിശ്വാസമേറിയ പ്രാർത്ഥനയാൽ പ്രത്യാശ



Neethu Vinu

എന്നെ ശക്തനാക്കുന്ന ക്രിസ്തുവിലൂടെ എനിക്കെല്ലാം സാദ്ധ്യമാണ് (ഫിലിപ്പി 4:13). ആത്മവിശ്വാസമുണ്ടെങ്കിലെ ഏതൊരാൾക്കും വിജയിക്കാനാകൂ. ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തുതന്നെയാണെങ്കിലും അത് അഭിമുഖീകരിക്കുവാൻ നമുക്ക് കഴിയണം. ഈ സന്ദർഭത്തിൽ ഞാൻ ഒരിക്കൽ ഒരു വൈദികൻ പറഞ്ഞ കഥയാണ് ഓർക്കുന്നത്. ഒരിക്കൽ രണ്ടുപേർ ദേവാലയത്തിൽ പ്രാർത്ഥിക്കാനെത്തി. പ്രാർത്ഥന കഴിഞ്ഞ് തിരികെ പോകാൻ നിൽക്കേ തോരാതെ മഴപെയ്യുന്നു. അവർ കുറെനേരം നിന്നു. അപ്പോൾ ഒരാൾക്ക് ദേഷ്യം വന്നിട്ട് പറഞ്ഞു പള്ളിയിൽ വരണ്ടാരുന്നു എന്ന്, എന്നാൽ മറ്റേയാൾ അയാളോട് പറഞ്ഞു, സഹോദരാ ഒരു മഴയും തോരാതിരുന്നിട്ടില്ല എന്ന്. അതേ, ഒരു മഴയും തോരാതിരുന്നിട്ടില്ല. സർവ്വശക്തനായ ദൈവം ഓരോ മനുഷ്യനിലുമുണ്ട്. ദൈവം നിങ്ങളെ ഏതു വിപത്തിലും സഹായിക്കുകയും രക്ഷിക്കുകയും ചെയ്യും. ഈ ചിന്താഗതിയാണ് ആത്മവിശ്വാസം ഉണ്ടാകാൻ ഏറ്റവും നല്ലത് 'ദൈവം എന്നോടുകൂടെയുള്ളപ്പോൾ ആര് എനിക്കെതിരുനിൽക്കും?(റോമ 8:31)

ചിന്തകളാണ് വാക്കിന് കാരണമാകുന്നത്. ആ വാക്കുകളാണ് നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്നത്. അതിനാൽ നമ്മിലുള്ള കുറ്റബോധവും എല്ലാ ആശങ്കകളും ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുകയാണ് വേണ്ടത്. ദൈവം തന്നെ സമീപിക്കുന്ന ആർക്കും മനഃസമാധാനവും പാപമോചനവും നൽകും. 'അവൻ ബലഹീനന് ബലം കൊടുക്കുന്നു. ശക്തി നശിച്ചവന്റെ ശക്തിയെ അവൻ വർദ്ധിപ്പിക്കുന്നു(ഏശയ്യാ 11:29)

ഒരു വ്യക്തിക്ക് തന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലഭ്യമായ ഏറ്റവും വലിയ ശക്തി പ്രാർത്ഥനയാണ്. ദൈവവുമായുള്ള ബന്ധം സ്ഥാപിക്കലാണ് പ്രാർത്ഥന. നമ്മുടെ അമ്മയോട് അല്ലെങ്കിൽ സുഹൃത്തിനോട് സംസാരിക്കുന്നതുപോലെ നമുക്ക് നമ്മുടെ കാര്യങ്ങൾ ദൈവത്തോട് പറയാം.

നമ്മൾ മനസ്സ് തുറന്ന് വിശ്വാസത്തോടെ പ്രാർത്ഥിക്കുക. അതോടൊപ്പം നമുക്ക് അത് ലഭിച്ചതായി മനസ്സിൽ കാണുക. പിന്നീട് അതിനുവേണ്ടി പരിശ്രമിക്കുക. ഒടുവിൽ നമുക്ക് അത് തീർച്ചയായും ലഭിക്കും; കാണാതെ വിശ്വസിക്കുക.

വചനം വളരെ ശക്തിയുള്ള ഒരു ആയുധമാണ്. നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും പ്രതിസന്ധികൾക്കും ബൈബിളിൽ വചനത്തിന്റെ രൂപത്തിൽ മറുപടിയുണ്ട്. അത് നമ്മൾ വിശ്വസിച്ച് ഉരുവിട്ടാൽ നമുക്ക് അത് അനുകൂലമാകും. ഇത് ഞാൻ അനുഭവിച്ചറിഞ്ഞ സത്യമാണ്. "ദൈവത്തിൽ വിശ്വസിക്കുക സത്യമായും ഞാൻ നിങ്ങളോട് പറയുന്നു, ആരെങ്കിലും ഈ മലയോട് ഇവിടെ നിന്ന് മാറി കടലിൽ ചെന്ന് വീഴുക എന്നുപറയുകയും ഹൃദയത്തിൽ ശങ്കിക്കാതെ താൻ പറയുന്നത് സംഭവിക്കുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അവന് അത് ചെയ്തു കിട്ടും. അതിനാൽ ഞാൻ പറയുന്നു. (പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ, നിങ്ങൾക്ക് ലഭിക്കുക തന്നെ ചെയ്യും".(മാർക്കോസ് 11:23,24)

നമുക്ക് വേണ്ടി മാത്രമല്ല നാം മറ്റുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കണം. വിശ്വാസത്താലും ക്രിയാത്മക ചിന്തകളാലും പ്രാർത്ഥനയാലും നിങ്ങൾക്ക് അതിജീവിക്കാനാവാത്ത എന്തെങ്കിലും പ്രശ്നമോ, ബുദ്ധിമുട്ടോ, പരാജയമോ ഈ ഭൂമിയിൽ ഇല്ല എന്നറിയുക.




# ക്രിസ്തീയ ജീവിതത്തിൽ ആത്മീയ പ്രസ്ഥാനങ്ങളുടെ സ്വാധീനം



Com. Babu Mathew

പൗലോ ഫ്രേയർ എന്ന ലാറ്റിനമേരിക്കൻ വിദ്യാഭ്യാസത്തെ ഇങ്ങനെ നിർവ്വചിക്കുന്നു 'വിദ്യാഭ്യാസം എന്നത് ദൈവത്തിന്റെ തന്നെ പദ്ധതിയിലും കർമ്മത്തിലും നമ്മുടെ സഹകരണമാണ്. ഒരു ശിശുവിന്റെ ബലഹീനാവസ്ഥയിൽ നിന്നും പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ ശക്തിയിലുള്ള വളർച്ചയാണ്".

ഈ ശക്തിയിലേക്കുള്ള വളർച്ചയിലാണ് സൺഡേ സ്കൂൾ, യുവജനപ്രസ്ഥാനം, വനിതാ സമാജം, പ്രാർത്ഥനാ ഗ്രൂപ്പുകൾ എന്നീ ആത്മീയ പ്രസ്ഥാനങ്ങൾ ഒരാളുടെ ജീവിതത്തിന്റെ ഭാഗമാകുന്നത്. സൺഡേ സ്കൂൾ അദ്ധ്യാപകർ പറഞ്ഞ കൊച്ചു കൊച്ചു കഥകളും കഥാപാത്രങ്ങളും ജീവിതവീഥികളിലെവിടെയൊക്കെയോ തനിക്കുമുമ്പിലെത്തുമ്പോഴാണ് ആ ക്ലാസുകളിൽനിന്ന് താൻ എന്താണ് നേടിയതെന്ന് ഒരാൾ സ്വയം തിരിച്ചറിയുന്നത്. ഉപമകളിലൂടെയും, പഴയനിയമ ഇസ്രായേലിന്റെ ചരിത്രത്തിലൂടെയും താൻ പഠിച്ച കാര്യങ്ങൾ ഇന്നും ഇവിടെ നിലനിൽക്കുന്നുവെന്ന് നാം തിരിച്ചറിയുകയാണ്.


ഒരു സ്മാർട്ട്ഫോണിന്റെ സ്ക്രീനിലേക്ക് ലോകത്തെ ചുരുക്കി, താഴേക്ക് മാത്രം നോക്കിയിരിക്കുന്ന ഒരു തലമുറയായി നാം മാറിയിരിക്കുന്നു. ഉയരത്തിലേക്ക് കണ്ണുകളുയർത്തി, ക്രിസ്തു എന്ന ഗുരുവിനെ ഒന്നുകാണാനും, ആ പാദങ്ങൾ പിൻതുടർന്ന് ആ വഴികളിൽ നടക്കാനും ഈ ആത്മീയ പ്രസ്ഥാനങ്ങൾ നമുക്ക് പ്രചോദനമാകുന്നു. അങ്ങനെ ചെയ്യുമ്പോഴാണ് സ്നേഹിക്കേണ്ടവരെയും, തണലാകേണ്ടവരെയും, കരുതേണ്ടവരെയും നാം കണ്ടെത്തുന്നത്. അവിടെയാണ് കർത്താവ് പഠിപ്പിച്ച പങ്കിടലിന്റെ സന്തോഷം നമുക്ക് അനുഭവിക്കാനാവുന്നത്.

സമൂഹത്തിൽ ഏറെ അവഗണിക്കപ്പെട്ടവരും, നിസ്സഹായരും, ആലംബഹീനരുമായ മനുഷ്യർക്കിടയിലാണ് കർത്താവ് തന്റെ സുവിശേഷവുമായി എത്തിയത്. അവരുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേർന്നുകൊണ്ടാണ് കർത്താവ് ദൈവരാജ്യം പ്രസംഗിച്ചത്. ഈ പ്രസ്ഥാനങ്ങളിൽ പങ്കാളികളാകുമ്പോൾ ആ ആശയം പിന്തുടർന്ന് ക്രിസ്തീയ മൂല്യങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ നമുക്ക് കഴിയണം. അപ്പോഴാണ് നാം ക്രിസ്തുവിൽ ജീവിക്കുന്നത്. ധർമ്മവഴിയിൽ നന്മമരങ്ങളായി നിലനിൽക്കുവാൻ ഓരോരുത്തർക്കുമാവട്ടെ എന്ന് ആശംസിക്കുന്നു.






# In Loving Memory of our Beloved Appachan



## C.C. MATHEN
### CHAKKALAYIL, KOTTAMALA

With Prayers : Com. Babu Mathew & Family

# പാവന സ്മരണയ്ക്ക്



## ശോശാമ്മ ഗീവർഗ്ഗീസ്

അട്ടായിക്കുളത്ത് വീട്, ചെങ്കുളം, കൊല്ലം

**“നിന്റെ മഹത്വമുദിക്കും നാൾ**
**നിൽക്കണമിവൾ വലഭാഗത്തിൽ”**

സന്തപ്തകുടുംബാംഗങ്ങൾ

**With Prayers : Com. Geevarghese John Tharakan & Family**







51 Years Of Trust

BELL FOODS GROUP SINCE 1968

# BELL FOODS GROUP,KOCHI

**PALLICHAL ROAD,THOPPUMPADY,COCHIN 682005**
**Phone: (+91 484) 2232066,2231684**

Contact us :
bellfoods1968@gmail.com
www.bellbrand.com